

©CP&CH TVPM

# സൃഷ്ടി

സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, പൂജപ്പുര പ്രസിദ്ധീകരണം

CPCH-tvm-2021




# പ്രിസൺ ഡോഗ് സ്ക്വാഡ്

**സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം,**
**പൂജപ്പുര, തിരുവനന്തപുരം– 695012**








**ജയിൽ അന്തേവാസികൾ റേഡിയോ ജോക്കികളായ**
**സെൻട്രൽ ജയിലിന്റെ സ്വന്തം റേഡിയോ ചാനൽ**
**ഉടൻ പ്രക്ഷേപണം ആരംഭിക്കുന്നു.**

നമുക്ക് മനസ്സു തുറക്കാൻ നമ്മുടെ സ്വന്തം റേഡിയോ...

Freedom SYMPHONY
INFORMATION & ENTERTAINMENT

**ഫ്രീഡം സിംഫണി - വിനോദത്തോടൊപ്പം വിജ്ഞാനവും**

©COACHTVM

# സൃഷ്ടി



Printed & Published by the Superintendent, Central Prison & Correctional Home, Poojappura, Thiruvananthapuram


മാഗസിൻ പ്രസിദ്ധീകരണം

ചീഫ് എഡിറ്റർ
എൻ.എസ്.നിർമ്മലാനന്ദൻ നായർ
സൂപ്രണ്ട്

എഡിറ്റോറിയൽ ബോർഡ്
ഡി.സത്യരാജ്
ജോയിന്റ് സൂപ്രണ്ട്
എസ്.സജീവ്
ജോയിന്റ് സൂപ്രണ്ട്
പി.സീതാലക്ഷ്മി
വെൽഫെയർ ഓഫീസർ
വി.ഒ. ജയചന്ദ്രൻ
വെൽഫെയർ ഓഫീസർ
എ.സമീർ
ഡെപ്യൂട്ടി സൂപ്രണ്ട്
അഖിൽ എസ്.നായർ
ഡെപ്യൂട്ടി സൂപ്രണ്ട്
ലേ ഔട്ട് & ഗ്രാഫിക്സ്
കെ.എസ്. ജിതേന്ദ്രകൃഷ്ണ
ഡെപ്യൂട്ടി പ്രിസൺ ഓഫീസർ

ഒരു
സെൻട്രൽ പ്രിസൺ &
കറക്ഷണൽ ഹോം, പൂജപ്പുര
പ്രസിദ്ധീകരണം

കേരള ജയിൽ വകുപ്പ്

Printed at :Vaiga Offset, Nedumangad


©2021

© CPRCH TVPM

## ഉള്ളടക്കം


12 സ്നേഹമുള്ളവളെ
രാധാകൃഷ്ണൻ

15 നഷ്ടപ്രണയം
സതീഷ്ബാബു

23 നോ ചാർജ്ജ്
രാജൻ. സി. ജോർജ്ജ്

25 അവനവൻ കടമ്പ
സന്തോഷ് പെരളി

32 തൃപ്തൻ
രതീഷ്. ആർ.പി.

39 ഏഴാംകടലിന്നക്കരെ
ഗിരീഷ് പുലിയൂർ

48 തടവറയും പൂച്ചയും
ഫയാസ്






©CPECHTVPM

കുറ്റവാളികളെ പൊതുസമൂഹത്തിൽ നിന്ന് മാറ്റിനിർത്താനുള്ള ജയിൽ സംവിധാനത്തിന് മാനവചരിത്രത്തോളം പഴക്കമുണ്ട്. ശാസ്ത്രീയമായ ശിക്ഷാ നിർവ്വഹണ സങ്കേതങ്ങൾ അവലംബിച്ചു കൊണ്ട് കുറ്റവാളികളെ മാനസികസംസ്കരണത്തിന് വിധേയമാക്കി സമൂഹത്തിൽ പുനരധിവസിപ്പിക്കുകയെന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന ആധുനിക ജയിൽ ക്രിമിനൽ നീതിന്യായ വ്യവസ്ഥയുടെ പ്രധാന തൂണുകളിൽ ഒന്നാണ്. 1704 ന് ഇറ്റലിയിൽ പോപ്പ് ക്ളമന്റ് പതിനൊന്നാമനാണ് ആധുനിക ജയിൽ സംവിധാനത്തിന് തുടക്കം കുറിച്ചത്. തുടർന്ന് ലോകത്തിലെ വിവിധ ഭാഗങ്ങളിൽ ഇതേ ഘടനയിലുള്ള ജയിലുകൾ നിലവിൽ വന്നു. അപ്രകാരം ഇന്ത്യയിൽ നിലവിൽ വന്ന ആദ്യത്തെ ജയിൽ ആഗ്രയിലാണ്. 1861-ൽ കോഴിക്കോട് സ്പെഷ്യൽ സബ്ജയിൽ പ്രവർത്തനമാരംഭിക്കുകയും തുടർന്ന് 1869-ൽ ജില്ലാ ജയിലായി അപ്ഗ്രേഡ് ചെയ്യപ്പെട്ട ജയിലാണ് കേരളത്തിലെ ആദ്യത്തെ ജയിൽ. മദിരാശി പ്രസിഡൻസിയുടെ ഭാഗമായിരുന്ന കണ്ണൂരിൽ 1869-ൽ സ്ഥാപിക്കപ്പെട്ട സെൻട്രൽ ജയിലാണ് കേരളത്തിലെ ആദ്യ സെൻട്രൽ ജയിൽ. തിരുവിതാംകൂർ മഹാരാജാവ് ശ്രീ ആയില്യം തിരുനാൾ രാമവർമ്മയുടെ ഭരണകാലഘട്ടത്തിൽ തിരുവനന്തപുരത്ത് കോട്ടയ്ക്കകത്ത് നായർ ബ്രിഗേഡിന്റെ ബാരക്കുകളിൽ 1861-ൽ സ്ഥാപിക്കപ്പെട്ട പ്രിൻസിപ്പൽ ജയിലാണ് 1873-ൽ സെൻട്രൽ ജയിലായി അപ്ഗ്രേഡ് ചെയ്യപ്പെട്ടത്. ബ്രിട്ടീഷുകാരനായ ജർമി ബന്താം എന്ന വിദഗ്ധൻ രൂപകല്പന ചെയ്ത പനോപ്റ്റിക്കൻ (PANOPTICON) ജയിൽ മാതൃകയിൽ ചീഫ് എൻജിനീയർ A.H. ജേക്കബ് പൂജപ്പുരയിൽ നിർമ്മിച്ച കെട്ടിടത്തിൽ ശ്രീമൂലം തിരുനാൾ രാമവർമ്മ മഹാരാജാവിന്റെ ഭരണകാലഘട്ടത്തിൽ 23/09/1886-ൽ സെൻട്രൽ ജയിൽ മാറ്റിസ്ഥാപിക്കുകയുണ്ടായി. ദേശീയ സ്വാതന്ത്ര്യ സമരപോരാട്ടങ്ങൾക്കും പൗരസ്വാതന്ത്ര്യ ധ്വംസനങ്ങൾക്ക് എതിരെയുള്ള ജനകീയ സമര പോരാട്ടങ്ങൾക്കും നേതൃത്വം വഹിച്ച രാഷ്ട്രീയ രംഗത്തെ നിരവധി മഹാരഥൻമാരെ പാർപ്പിച്ചിരുന്ന തിരുവനന്തപുരം സെൻട്രൽ ജയിലിനുള്ള ചരിപ്രരമായ പാരമ്പര്യവും പ്രാധാന്യവും മഹത്തരമാണ്. മന:സംസ്കരണ-തെറ്റുതിരുത്തൽ പ്രക്രിയകൾക്ക് ഊന്നൽ നൽകിയിട്ടുള്ള ശിക്ഷാ നിർവ്വഹണ പദ്ധതിയാണ് വർത്തമാനകാലത്തുള്ളത്. അതുകൊണ്ടുതന്നെ ജയിലിനെ സെൻട്രൽ ജയിൽ & കറക്ഷണൽ ഹോം എന്നാണ് ഇപ്പോൾ നാമകരണം ചെയ്തിട്ടുള്ളത്.

**സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, പൂജപ്പുര ,തിരുവനന്തപുരം**

GOVERNMENT OF KERALA

**Pinarayi Vijayan**

CHIEF MINISTER

നം.119/പ്രസ്/സി.എം.ഒ/21. ഫെബ്രുവരി 20, 2021.



## സന്ദേശം

തിരുവനന്തപുരം സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോമിലെ അന്തേവാസികളുടെയും ഉദ്യോഗസ്ഥരുടെയും സർഗ്ഗാത്മക രചനകൾ ഉൾപ്പെടുത്തി 'സൃഷ്ടി' എന്ന പേരിൽ ഒരു മാഗസിൻ പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷം.

ഈ സംരംഭത്തിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

പിണറായി വിജയൻ

©CP&CH TVPM




സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, പൂജപ്പുര ,തിരുവനന്തപുരം

സൃഷ്ടി

# ആശംസകളോടെ



**ശ്രീ.ഋഷിരാജ്സിംഗ്. ഐ.പി.എസ്.**

ബഹു: ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

**സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, പൂജപ്പുര ,തിരുവനന്തപുരം**

©CP&CH TVPM

# സൃഷ്ടി

## ആശംസകളോടെ



**പി.അജയകുമാർ**
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ
ഓഫ് പ്രിസൺസ് (ദക്ഷിണമേഖല)



**എസ്.സന്തോഷ്**
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ
ഓഫ് പ്രിസൺസ് (ജയിലാസ്ഥാനകാര്യാലയം)





**സാം തങ്കയ്യൻ**
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ
ഓഫ് പ്രിസൺസ് (മദ്ധ്യമേഖല)



**എം.കെ.വിനോദ്കുമാർ**
ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ
ഓഫ് പ്രിസൺസ് (ഉത്തരമേഖല)

**സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, പൂജപ്പുര ,തിരുവനന്തപുരം**

©CP&CH TVM

# സൃഷ്ടി



**എൻ.എസ്.നിർമ്മലാനന്ദൻ നായർ**
സൂപ്രണ്ട്
സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം,
തിരുവനന്തപുരം

## ആമുഖം

'സൃഷ്ടി' ഒരു സാക്ഷാത്കാരമാണ്. പാർശ്വവൽക്കരിക്കപ്പെട്ട ഒരു വിഭാഗത്തിന്റെ സ്വപ്നത്തിന്റെ സാക്ഷാത്കാരം.
ഉയർന്ന മതിൽക്കെട്ടിനകത്തുള്ള ഈ ചെറിയ പ്രദേശത്ത് കുറേയേറെ മനുഷ്യരുണ്ട്. വിവിധ ദേശക്കാരായ വിവിധ ഭാഷ സംസാരിക്കുന്ന വിവിധ മതസ്ഥരായ വിഭിന്ന സംസ്കാരങ്ങളുള്ള , വിവിധ തൊഴിലുകൾ ചെയ്യുന്ന കുറെ മനുഷ്യർ.
മതിൽക്കെട്ടിനിപ്പുറമുള്ള ഈ ലോകം സമൂഹത്തിന്റെ ഒരു പരിച്ഛേദം തന്നെയാണ്.
കരയാനും ചിരിക്കാനും ചിന്തിക്കാനും സ്വപ്നം കാണാനും കഴിയുന്ന കുറെ സാധാരണ മനുഷ്യർ ഇവിടെയുണ്ട്.
സൃഷ്ടിക്കാനും അവയെ അഴിച്ചുപെറുക്കി പുനഃസൃഷ്ടിക്കാനും കഴിയുന്ന അനുഭവ സമ്പത്തും ഓർമ്മകളുമായാണ് ഓരോരുത്തരും കഴിയുന്നത്.
കണ്ണീരും വിരഹവും വടുകെട്ടിയ അവരുടെ അനുഭവങ്ങളുടെ സാക്ഷ്യങ്ങൾക്ക് ഒരു പക്ഷേ വ്യക്തമായ സാഹിത്യ രൂപമോ പദസമ്പത്തോ ഉണ്ടാകണമെന്നില്ല.
നിയതമായ വ്യാകരണനിയമങ്ങളിൽ ഒതുങ്ങുന്നവയാകണമെന്നുമില്ല.
പൊതു സമൂഹത്തിനു പുറത്തുള്ള ഈ സാധാരണ മനുഷ്യരുടെ മനസ്സുകളിൽ നിന്നും തുളുമ്പിയ ചിന്തകളെയും സ്വപ്നങ്ങളേയും പെറുക്കിയെടുത്ത് തുന്നിചേർത്ത് 'സൃഷ്ടി' സാക്ഷാത്കരിക്കുകയാണ്.

©CP&CH TVPM

# സൃഷ്ടി

## എഡിറ്റോറിയൽ ബോർഡ്



ഡി.സത്യരാജ്
ജോയിന്റ് സൂപ്രണ്ട്



എസ്.സജീവ്
ജോയിന്റ് സൂപ്രണ്ട്



എ.സമീർ
ഡെപ്യൂട്ടി സൂപ്രണ്ട്



അഖിൽ എസ്.നായർ
ഡെപ്യൂട്ടി സൂപ്രണ്ട്

©CP&CH TVPM

# സൃഷ്ടി

## എഡിറ്റോറിയൽ ബോർഡ്



സുനിൽകുമാർ.വി.പി.
ചീഫ് വെൽഫെയർ ഓഫീസർ



റ്റി.ജി.സന്തോഷ്
റീജിയണൽ വെൽഫെയർ ഓഫീസർ



പി.സീതാലക്ഷ്മി
വെൽഫെയർ ഓഫീസർ



ജയചന്ദ്രൻ.വി.ഒ.
വെൽഫെയർ ഓഫീസർ



കെ.എസ്.ജിതേന്ദ്രകൃഷ്ണ
ഡെപ്യൂട്ടി പ്രിസൺ ഓഫീസർ




# എന്റെ വര




©CP&CH TVPM



**ബബിൻ**
**C.No.1505**



ജയിൽ ഒരു വിദ്യാലയം കൂടിയാണ്. വികാര വിചാരങ്ങൾ സ്വയം നിയന്ത്രിച്ച് വിശകലനം ചെയ്തു നോക്കാനും നമ്മുടെ നാടിനേയും ജീവിതത്തേയും കുറിച്ചു കൂടുതൽ ചിന്തിക്കുവാനും ഇടം തരുന്ന വിദ്യാലയം. ലോകത്ത് പല വിഖ്യാത കൃതികളും ജൻമം കൊണ്ടത് ജയിലിനുള്ളിലാണ്. പലരും നിശ്ചയദാർഢ്യത്തോടെ നാടിനു വേണ്ടി മുന്നേറാൻ തീരുമാനിച്ചതും ജയിലിൽ വച്ചാണ്. പല പ്രേരണകളാലും പരിസര പ്രലോഭനങ്ങളാലും അകപ്പെട്ടു പോവുന്ന കുറ്റകൃത്യങ്ങളിൽ പശ്ചാത്തപിച്ച് പുതിയൊരു ദിശാബോധത്തോടെ ജീവിക്കാനുള്ള പാഠങ്ങൾ പലർക്കും ജയിൽ പഠിപ്പിച്ചു കൊടുക്കുന്നു. അകന്നു മാറിപ്പോവാതെ സമൂഹത്തിൽ ക്രിയാത്മകമായി ജീവിക്കാൻ കൂടുതൽ ശക്തി നൽകുന്ന ഒരു സംരംഭമാണ് ഇങ്ങനെയൊരു പ്രസിദ്ധീകരണം.

ജയിലിലെ അന്തേവാസികളും ഉദ്യോഗസ്ഥ വൃന്ദവും ഇക്കാര്യത്തിൽ അക്ഷരങ്ങളിലൂടെ ഒന്നിച്ചു നിൽക്കും. അന്തേവാസികളുടെ ആത്മാഭിമാനം വർദ്ധിപ്പിക്കാനും ശുഭാപ്തി വിശ്വാസത്തോടെ ജീവിക്കാനും ഇതിടയാക്കും.ആനന്ദം തോന്നുന്നു ഇങ്ങനെയൊരു സൽകർമ്മത്തിനാശംസയർപ്പിക്കാൻ!

സ്നേഹപുരസ്സരം

**ഗിരീഷ് പുലിയൂർ**
തിരുവനന്തപുരം

©CP&CH TVPM

# സ്നേഹമുള്ളവളെ

ചെറുകഥ



രാധാകൃഷ്ണൻ
C.No.2431

©CP&CH TVPM

അങ്ങനെ നാം ഇന്ന് രാത്രി പിരിയുകയാണ് ഈ കഴിഞ്ഞ കാലം അത്രയും ഞാൻ നിന്നെയും നീ എന്നെയും ആത്മാർത്ഥമായി സ്നേഹിച്ചിരുന്നു എന്ന് നമുക്ക് പരസ്പരം അറിയാം.

പക്ഷേ നമുക്ക് പിരിയാതിരിക്കാൻ കഴിയുകയുമില്ല. നിന്റെ വേർപാട് എനിക്ക് അത്ര മാത്രം ദുഃഖം ഉളവാക്കുന്നു അതിനൊപ്പമാണ് എന്റെ ഹൃദയ വേദനയും. നാം സ്നേഹിച്ചതും കലഹിച്ചതും എല്ലാം എനിക്ക് ഒരു നൂൽപൊട്ടി ചിതറുന്ന മുത്തുകൾ പോലെ ആഴത്തിൽ വേദനയുടെ മുറിവുകൾ സൃഷ്ടിക്കുന്നു.

നീ എന്നെയും ഞാൻ നിന്നെയും പിരിയുന്ന കാര്യം ഞാൻ എന്റെ സുഹൃത്തുക്കളോട് പറഞ്ഞിരുന്നു അവർ പറയുന്നത് അവൾ പോ കട്ടെ അല്ലെങ്കിലും നിങ്ങൾ പിരിയേണ്ടവർ ആണ് എന്നും നിന്റെ ജീവിതത്തിലേക്ക് ഇനി മറ്റൊരുവൾ നാളെ വരും അപ്പോൾ ഇവൾ ഇവിടെ ആവശ്യമില്ല എന്ന്. നമ്മൾ പിരിയുന്ന ഈ രാത്രിയിൽ എനിക്ക് ഉറങ്ങാൻ കഴിയുമെന്ന് തോന്നുന്നില്ല.

നീ എനിക്ക് നല്കിയ സ്നേഹത്തിനും സങ്കടത്തിനും കലഹത്തിനും എല്ലാത്തിനും നിന്നോട് എനിക്ക് നന്ദി ഉണ്ടായിരിക്കും. നിന്നെ എന്റെ ജീവൻ ഉള്ളിടത്തോളം കാലം മറക്കുകയില്ല.

ഞാൻ നാളെ ഒരാളെ എന്റെ ജീവിതത്തിലേക്ക് കൊണ്ടുവരികയാണ്. നീ എന്നോട് ക്ഷമിക്കുമെന്ന് എനിക്ക് അറിയാം എങ്കിലും ഞാൻ നിന്നോട് ഒരിക്കൽകൂടി ക്ഷമ ചോദിക്കുന്നു. നീ എന്നെ നെഞ്ചോട് ചേർത്ത് നിർത്തിയതിനും സ്നേഹിച്ചതിനും കലഹിച്ചതിനും പിരിഞ്ഞുപോകുന്നതിനും എല്ലാം എല്ലാം എന്റെ പ്രിയപ്പെട്ട 2020 നിനക്ക് എന്റെ കണ്ണുനീരിൽ കുതിർന്ന യാത്രാമൊഴി.

എന്ന്,
സ്നേഹപൂർവ്വം
2020



# രാജ്യസ്നേഹി

## ലേഖനം

പ്രസാദ്
C.No.9050

നാം നന്നാകണം നാടും നന്നാകണം. അതിന് നാം നമ്മുടെ നാടിനെ സ്നേഹിക്കണം. എങ്ങിനെയാണ് നമുക്ക് നമ്മുടെ നാടിനെ സ്നേഹിക്കാൻ കഴിയുക? നാം മടിപിടിച്ചിരിക്കാതെ കഠിനാദ്ധ്വാനം ചെയ്യണം. കുറ്റകൃത്യങ്ങളിൽ നിന്നും ഒഴിഞ്ഞ് മാറണം, കുറ്റകൃത്യങ്ങൾ മറ്റുള്ളവർ ചെയ്യുന്നതിൽ നിന്നും പിൻതിരിപ്പിക്കണം. അത് ഒരു ജയിൽ വാസമോ വധശിക്ഷയോ കൊണ്ട് പരിഹാരമാകില്ല. മറ്റുള്ളവന്റെ അദ്ധ്വാനത്തെ അന്യായമായി കൈക്കലാക്കുന്നത് രാജ്യപുരോഗതിക്ക് ശാപമാണ്. ആ ശാപത്തിന് വേണ്ടി കരുക്കൾ നീക്കുന്നവൻ ശപിക്കപ്പെട്ടവനാണ്. അശ്രദ്ധമായിട്ടുള്ള ജീവിതമാണ് നമ്മെ ശപിക്കപ്പെട്ടവനാക്കുന്നത്. നമുക്കത് വേണോ? നാം ഒരു കൊലപാതകമോ, മോഷണമോ, മറ്റേതെങ്കിലും കൊടും കുറ്റങ്ങൾ ചെയ്യുമ്പോൾ എന്ത് നേട്ടമാണ് നമുക്കുള്ളത്? തെളിവുകൾ ഉണ്ടെങ്കിൽ പോലീസ് പിടിക്കും. അതല്ലെങ്കിൽ മറ്റൊരു കുറ്റം ചെയ്യാനുള്ള, നാം നമ്മെതന്നെ വഞ്ചിക്കുന്ന കപടമനക്കരത്ത് രൂപപ്പെടും. പക്ഷേ കാലം അത് തെളിയിക്കും. നഷ്ടം മാത്രമേ എല്ലാവർക്കും ഉള്ളു. കൊല്ലപ്പെട്ടവന് ജീവൻ പോയി, കൊന്നവന് ജീവിതം പോയി, കൊന്നവന്റെ വീട്ടുകാർക്ക് സമൂഹത്തിന് മുന്നിൽ തലതാഴ്ത്തി നടക്കാൻ ഇടയായി. ജനത്തിന്റെ കൈയ്യിൽ നിന്നും പിരിച്ച നികുതിയിൽ നിന്നും കേസിന് വേണ്ടി ലക്ഷങ്ങൾ സർക്കാരിനു ചെലവായി. സമൂഹത്തിന് നാം ഒരു പരിഹാസമായി. വാക്കുകൊണ്ടല്ല പ്രവർത്തികൊണ്ടാണ് നാം രാജ്യ സ്നേഹി ആകേണ്ടത്. നിർത്താം നമുക്ക് അന്യായം പ്രവർത്തിക്കുന്നത്. പരസ്പര സ്നേഹം കൊണ്ടും പരസ്പര സഹായം കൊണ്ടും രാജ്യത്തിന്റെ പുരോഗതിയുടെ ഒരു വലിയ കണ്ണിയായി നമുക്ക് മാറാം. ഒരു രാജ്യസ്നേഹി എന്തൊക്കെയാണ് ചെയ്യേണ്ടത്. രാജ്യം അടിമത്വത്തിനോ ദാരിദ്ര്യത്തിനോ തകർച്ചക്കോ കീഴ്പ്പെട്ടുപോകാതെ സംരക്ഷിക്കണം. രാജ്യത്തിന്റെ പുരോഗതിയിൽ പങ്കാളിയാകണം. മനപൂർവ്വമുള്ള ക്രിമിനൽ കേസ് ചെയ്യുന്നവർ ഭീമമായ സാമ്പത്തിക നഷ്ടം സർക്കാരിന് വരുത്തുന്നു. ഭരണനേതൃത്വങ്ങളിൽ പിഴവുകൾ സംഭവിച്ചാൽ ചൂണ്ടികാണിക്കുകയല്ലാതെ വിധ്വംസക പ്രവർത്തനങ്ങളിലേക്ക് തിരിയരുത്. നാം ഇന്ന് അനുഭവിക്കുന്ന സൗഭാഗ്യങ്ങൾ കോടികണക്കിന് പൂർവ്വീകരുടെ അദ്ധ്വാനവും ജീവനുമാണ്. അതുകൊണ്ട് മറ്റുള്ളവർക്ക് ദോഷകരമല്ലെങ്കിൽ നാം ചെയ്യുന്ന ജോലി നിരന്തരം ചെയ്തുകൊണ്ടിരിക്കുക.

ശരീരവും മനസും എപ്പോഴും ശുദ്ധിയാക്കിയാൽ ഉയർന്ന രീതിയിൽ ചിന്തിക്കാൻ കഴിയും ആധുനിക രീതിയിലുള്ള സംവിധാനങ്ങൾ ഉപയോഗിച്ചും, ദീർഘനാൾ ഉപയോഗിക്കാവുന്നതും ഫലപ്രദവുമായ ഉപകരണങ്ങൾ മുഖേന രാജ്യത്ത് പരമാവധി ഉൽപ്പാദനം ഉണ്ടാക്കുക. നമ്മുടെ രാജ്യത്തിന്റെ വാണിജ്യമേഖല വിപുലീകരിച്ച് ഉൽപ്പാദനം വർദ്ധിപ്പിച്ച് വിദേശ വിനിമയം നടത്തി വിദേശ വിപണികൾ കീഴടക്കി രാജ്യത്തെ സമ്പുഷ്ടമാക്കുക. സമാധാനം നിലനിർത്തിക്കൊണ്ടുള്ള രാഷ്ട്രീയ നയങ്ങൾ സ്വീകരിക്കുക, അന്ധവിശ്വാസങ്ങളും

©CPRCHTVPM

അനാചാരങ്ങളും ഉപേക്ഷിക്കുക. വിശ്വാസങ്ങളിൽ കഴമ്പില്ലെങ്കിൽ അത് അന്ധവിശ്വാസമാണ്. ഒരു പ്രവർത്തി ചെയ്യുമ്പോൾ അത് എന്തിനാണ് ചെയ്യുന്നത് എന്ന് ആലോചിക്കുക. വ്യക്തമായ കാരണമോ ആവശ്യമോ ഇല്ലെങ്കിൽ അത് അനാചാരമാണ്.വൃത്തിയുള്ളതും അനുയോജ്യമായതുമായ വസ്ത്രങ്ങൾ ധരിച്ചാൽ ആത്മവിശ്വാസം വർദ്ധിക്കും. ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നത് ചിന്താശേഷിയും ആരോഗ്യവും അധ്വാനവും കുറയ്ക്കും. വൃത്തിയും വെടിപ്പും വർദ്ധിപ്പിക്കാൻ ആചാരമര്യാദകൾ പാലിക്കുക. അറിവ് നേടുക പരീക്ഷണശാലകൾ വികസിപ്പിച്ച് ശാസ്ത്ര പുരോഗതി നേടുക. ഉദ്യോഗസ്ഥ വർഗ്ഗം എന്ന രാജ്യപുരോഗമന മഹാസൈന്യം അഴിമതിയും കൈക്കൂലിയും ഉപേക്ഷിച്ച് സ്വന്തം ഉത്തരവാദിത്വം കൃത്യമായി നിർവഹിക്കുക. സഹജീവികളോട് സ്നേഹം കാണിക്കുക. ശത്രുവിന്റെ കുതന്ത്രങ്ങളെ തിരിച്ചറിയുക. അവരുടെ ചലനങ്ങളെ നിരീക്ഷിക്കുക. രാജ്യത്തിന്റെ യശസ്സ് മറ്റുള്ളവരുടെ മുൻപിൽ ഉയർത്തിപ്പിടിക്കുക. പ്രതിഭകളെ തിരഞ്ഞെടുക്കുക, എന്നിരുന്നാലും നാം ആരാണ് എന്ന് തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതായിരിക്കും ഉചിതം. സമൂഹത്തിൽ കോമാളിയായ ഒരാൾ ദൈവസേവ ചെയ്താൽ മറ്റുള്ളവർക്ക് ഭക്തി തോന്നുകയില്ല. എങ്കിലും അസാദ്ധ്യമായി ഒന്നുമില്ല.




©CP&CH TVPM



സതീഷ് ബാബു
C.No.2786

©CP&CH TVPM

## കവിത

# നഷ്ടപ്രണയം

എന്റെ ആരോമൽ പെൺകിളി
എവിടെയാണ് നീ ഓമലെ
എൻ പ്രാണനൊമ്പരം കാണാതെ നീ
എവിടേക്ക് അകന്നു പോയി

അന്ന് നമ്മുടെ ബാല്യവും
ബാല്യത്തിൻ ബാലചാപല്യവും
നമ്മുടെ കൗമാരകാലവും
കൗമാരകാലപ്രണയവും

എല്ലാം മറന്ന് നീ അകലുകയാണോ
എന്റെ ആരോമൽ പെൺകിളി
സുന്ദരവദനവും
വദനത്തിൻ പാൽപുഞ്ചിരിയും

പുഞ്ചിരിക്കൊത്തൊരു നുണക്കുഴിയും
നുണക്കുഴിക്കരികാർന്ന കരിമറുകും
എല്ലാം മറക്കാൻ എനിക്കാവുമോ
എന്റെ ആരോമൽ പെൺകിളി







അനിൽകുമാർ.പി
Cr.No.

# അമ്മ

## കഥ

'ശാരദ ടീച്ചർക്കു നാളെ പോകാം' ജയിൽ വാർഡൻ ലക്ഷ്മിയാണ് അതുപറഞ്ഞത്.

സാറമ്മയെങ്കിലും ഈ നരകത്തിൽ നിന്നും രക്ഷപ്പെടുമല്ലോ? വിഷമദ്യ കേസിലെ പ്രതിയായ പാറു കാലിൽ കടിച്ചു കൊണ്ടിരുന്ന കൊതുകിനെ കൊല്ലുന്നതിനിടയിൽ പറഞ്ഞു. എന്താ അക്കൻ പറയണത്... ഇതു സ്വർഗ്ഗമല്ലേ സ്വർഗ്ഗം....ആഴ്ചയിൽ ഒരു ആട്ടിറച്ചി... വെളിയിലാണെങ്കിൽ നമ്മൾക്കു സ്വപ്നം കാണാൻ കഴിയുമോ? പോക്കറ്റടിക്കാരി മറിയ വേശ്യ ശാന്തയെ നോക്കി പറഞ്ഞു. ശാന്ത വേശ്യച്ചിരിയോടെ ഞാൻ അകത്തായാലും പുറത്തായാലും ആളുകൾക്കു സ്വർഗ്ഗം കൊടുക്കും.

ജയിലിന്റെ ഒരു മൂലയിൽ ഇരുന്നു പകൽ കിനാവു കാണുന്ന സരള മാത്രം ഒന്നും പറഞ്ഞില്ല. മയക്കുമരുന്നു കേസിൽ ജയിലിൽ കിടക്കുകയാണ്. ഭർത്താവ് ഒരു ഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞനായിരുന്നു. അയാളുടെ അത്യാഗ്രഹം അയാളെ ഒരു മയക്കു മരുന്നു വ്യപാരത്തിലെ കണ്ണിയാക്കി. ഒരു ദിവസം പോലീസ് വീട് റെയ്ഡു നടത്തി വീട്ടിൽ നിന്നു മയക്കുമരുന്നു കണ്ടെത്തി. ഭർത്താവിനൊപ്പം ഒന്നുമറിയാത്ത സരളയും ജയിലിലായി. ജയിലിൽ വരുമ്പോൾ അവൾ ഗർഭിണിയായിരുന്നു. അഞ്ചു വയസ്സുവരെ ആ കുഞ്ഞു ജയിലിൽ വളർന്നു. അതിനു ശേഷം അതിനെ ഒരു ഓർഫണേജുകാരു കൊണ്ടുപോയി.

അതിനുശേഷം സരള അധികം സംസാരിക്കാറില്ല. അല്ല സംസാരിക്കാറേയില്ലായെന്നു പറയാം.എപ്പോഴും വെളിയിലേക്ക് നോക്കി ഇരിപ്പാണ്.

പുറത്ത് മഴ ശക്തിയായി പെയ്യുന്ന ശബ്ദം കേൾക്കാം. ശാരദ ടീച്ചറൊഴിച്ചു മറ്റെല്ലാവരും ഉറക്കമായി. തനിക്കിന്നുറക്കം വരില്ല. നാളെ തന്റെ മോചനം നടക്കുകയല്ലേ?

പുറത്ത് മഴ ശക്തിയായി പെയ്യുന്ന ശബ്ദം കേൾക്കാം. ശാരദ ടീച്ചറൊഴിച്ചു മറ്റെല്ലാവരും ഉറക്കമായി. തനിക്കിന്നുറക്കം വരില്ല. നാളെ തന്റെ മോചനം നടക്കുകയല്ലേ?

അല്ലെങ്കിൽ എന്തിൽ നിന്നാണ് മോചനം സ്വന്തം മകളെ നിഷ്കരുണം കൊന്നവൾക്കു എന്തു മോചനമാണ്. തനിക്കും ഈ ശപിക്കപ്പെട്ട ജീവിതത്തിൽ നിന്നു മോചനം നേടാൻ കഴിയാതെ പോയല്ലോ?

അമ്മയ്ക്ക് എങ്ങനെ ഇങ്ങനെ ക്രൂരയാകാൻ കഴിഞ്ഞു? രാധയുടെ ആൾക്കാരെ ഞാനെങ്ങനെ നോക്കും... എന്റെ ഓഫീസിലുള്ളവരെ ഞാനെങ്ങനെ കാണും? നാട്ടുകാരുടെ മുഖത്തു ഞാനെങ്ങനെ നോക്കും..... എന്റെ കുട്ടികളുടെ ഭാവിയ്ക്ക് എന്തു ദോഷമാവും. അവരുടെ മുത്തശ്ശി ഒരു കൊലപാതകിയാണെന്നറിയുമ്പോൾ...മോഹനൻ പിന്നെയും എന്തൊക്കെ യോ ഒരു ദിവസം ജയിലിൽ വന്നപ്പോൾ പറഞ്ഞു.

എല്ലാ കേട്ടു നിന്നതേയുള്ളു അവനോട് മറുപടിയും പറയാൻ തോന്നിയില്ല. അവന്റെ സ്വാർത്ഥത നിറഞ്ഞ വാക്കുകൾ അത്രമാത്രം വെറുപ്പുതോന്നി. സഹോദരി മരിച്ചതിൽ അവനു ദുഃഖമില്ല. അവന്റെ അമ്മ ജയിലിലായാതിനും അവനു ദുഃഖമില്ല.

പക്ഷേ ശാന്തിയോട് മറുപടി പറയാതിരിക്കാൻ കഴിഞ്ഞില്ല. ഒരു പാടു കുഞ്ഞുങ്ങളെ പഠിപ്പിച്ച അവരെയൊന്നു നുള്ളി നോവിക്കാത്ത എന്റെ അമ്മയെന്തിനു പാവം ചേച്ചിയെ കൊന്നു. ഞാൻ മരിക്കുവോളം ചേച്ചിയെ പൊ ന്നുപോലെ നോക്കുമായിരുന്നല്ലോ?

അവളുടെ ആത്മാർത്ഥത നിറഞ്ഞ വാക്കുകൾക്കു മുന്നിൽ കണ്ണു നിറഞ്ഞു. ജയിലഴിയിലൂടെ അവളുടെ കൈകോർത്തു പിടിച്ചു എന്നിട്ട് വിറയാർന്ന സ്വരത്തിൽ പറഞ്ഞു.



ഒരമ്മയ്ക്ക് അവരുടെ മകളെ കൊല്ലേണ്ടി വരുന്ന ദുഃഖകരവും, നിസ്സാഹായകവുമായ അവസ്ഥ നീയെന്തേ ഓർക്കാത്തത്.... ശാന്തി ഒന്നും മനസ്സിലാവാതെ അമ്മയെ മിഴിച്ചു നോക്കി. ശാരദ ടീച്ചർ മകളുടെ കൈവിടുവിച്ചു. മുഖം പൊത്തി വിങ്ങികരഞ്ഞു കൊണ്ടു പറഞ്ഞു.

ഞാനെന്റെ പൊന്നു മോളേ കൊന്നു അതെന്തുകൊണ്ടാണെന്ന് നിനക്കറിയേണ്ടേ? എന്റെ ശാരിയെ ഞാൻ ഒരുപാടു സ്നേഹിച്ചതുകൊണ്ടു അതിലേറെ നിന്നെ ഞാൻ സ്നേ ഹിച്ചു പോയതുകൊണ്ട്...

മാഷിന്റെ 24-ാമത്തെ ചരമവാർഷികത്തിന്റെ അന്നാണ് ആദ്യമായി നെഞ്ചുവേദന വന്നത്. മാഷ് മരിക്കുമ്പോൾ മോഹനന് വെറും 8 വയസ്സ് മാത്രമാണന്നുണ്ടായിരുന്നത്. ശാരിക്ക് മൂന്നു വയസ്സും ശാന്തിയ്ക്ക് ഒരു വയസ്സും. ശാരിക്ക്കാലുകൾ അനക്കാൻ കഴിയില്ലെന്നും, സംസാരിക്കാൻ കഴിയില്ലെന്നും ഡോക്ടർ പറഞ്ഞപ്പോൾ അദ്ദേഹമാണ് ആശ്വസിപ്പിച്ചത്.

ദൈവം കൂടുതൽ സ്നേഹിക്കുന്നത് ഈ കുഞ്ഞുങ്ങളെയാണ്. അവർ ദൈവത്തിന്റെ മക്കളാണ്. അവരെ ദൈവത്തിനു വിശ്വാസമുള്ള കൈകളിലാണ് സൂക്ഷിക്കാൻ ഏല്പിക്കുന്നത്...

ഇതുപറഞ്ഞ് അദ്ദേഹമങ്ങ് പോയി. അതും പണ്ടെങ്ങോ വായിച്ച പോലെ. ദൈവത്തിനിഷ്ടമുള്ളവരെ വേഗം വിളിക്കുന്നു..
പക്ഷേ സൂക്ഷിക്കാൻ ദൈവം ഏല്പിച്ചതിനെ തനിക്കു സൂക്ഷിക്കാൻ കഴിഞ്ഞോ?

കുട്ടികളെയൊക്കെ പഠിപ്പിച്ചു. മോഹനൻ പഠിച്ചു ബാങ്കുദ്യോഗസ്ഥനായി. കൂടെ ജോലി ചെയ്യുന്ന രാധയെ വിവാഹം കഴിച്ചു പട്ടണത്തിൽ താമസമായി. ശാന്തി പഠിയ്ക്കാൻ മോശമായിരുന്നു. ഗൾഫിൽ എഞ്ചീനീയറായ കരുണന് വിവാഹം കഴിപ്പിച്ചു കൊടുത്തു. 5 പക്ഷേ ശാരിയുടെ കാര്യമോ? അവൾ വളരും തോറും മനസ്സിൽ തീയായിരുന്നു. സൂര്യനുദിച്ചതു പോലെ മനോഹരമായ മുഖം ശരീരപുഷ്ടിയും ഒറ്റ നോട്ടത്തിൽ ഊമയാണെന്നോ, കാലുകൾക്കു സ്വാധീനമില്ലെന്നോ തോന്നുകയില്ല. ഒരു ശാഠ്യവുമില്ല. സദാസമയവും മുഖത്തൊരു പുഞ്ചിരി. കുട്ടി മെൻസസ് ആയതിനുശേഷമായിരുന്നു ഏറ്റവും പ്രയാസം. എല്ലാം ചെയ്തു കൊടുക്കണം. എല്ലാം വർഷമായിട്ടും പക്ഷേ കുട്ടികളില്ല. അതാണ് അവരുടെ ദുഃഖം.

പക്ഷേ ശാരിയുടെ കാര്യമോ? അവൾ വളരും തോറും മനസ്സിൽ തീയായിരുന്നു. സൂര്യനുദിച്ചതു പോലെ മനോഹരമായ മുഖം ശരീര പു ഷ്ടിയും ഒറ്റ നോട്ടത്തിൽ ഊമയാണെന്നോ, കാലുകൾക്കു സ്വാധീനമില്ലെന്നോ തോന്നുകയില്ല. ഒരു ശാഠ്യവുമില്ല. സദാസമയവും മുഖത്തൊരു പുഞ്ചിരി. കുട്ടി മെൻസസ് ആയതിനുശേഷമായിരുന്നു ഏറ്റവും പ്രയാസം. എല്ലാം ചെയ്തു കൊടുക്കണം. എല്ലാം ചെയ്തു കൊടുത്തിട്ട്, ടീച്ചർ മകളുടെ മുഖത്തുനോക്കും. അപ്പോഴും ആ മുഖത്ത് ഒരു ദയനീയമായ പുഞ്ചിരി കാണും ആ പുഞ്ചിരിയുടെ അർത്ഥം പിടികിട്ടുന്നില്ല ഒരു പക്ഷേ തന്നോടുതന്നെ അപമാനമാവും.

ആദ്യമൊക്കെ, എവിടെയെങ്കിലും പോകുമ്പോൾ ഭാനുമതി ടീച്ചറിന്റെ വീട്ടിൽ ശാരിയെ ആക്കിയിട്ടാണ് പോകുന്നത്.

ഒരു ദിവസം ടീച്ചർ മുഖം കറുപ്പിച്ചു. എനിക്ക് ഇന്ന് എന്റെ അമ്മയുടെ വീട്ടിൽ പോകണം. അതുകൊണ്ട് ശാരിയെ ഇന്ന് ഇവിടെ നിർത്താൻ പറ്റില്ല.

അവിടെ നിന്നു പോരുമ്പോൾ ഭാനുമതി ടീച്ചർ പാലു കൊണ്ടുവന്ന സരോജത്തിനോട് പറയുന്നതുകേട്ടു. പെണ്ണിന്റെ കാലിനു സ്വാധീനമില്ല. പക്ഷേ മുഖത്തിനു എന്തൊരു ഭംഗി. ആ തുടുത്ത ശരീരം കണ്ടില്ലേ. എപ്പോഴും നമ്മുടെ കണ്ണ് എല്ലായിടത്തും എത്തുമോ സരോജം? ആണുങ്ങളുള്ള വീടല്ലേ? എപ്പഴാ അവരുടെ സ്വഭാവം പിഴയ്ക്കുന്നത് എന്നു പറയാൻ പറ്റുമോ? ഈ മിണ്ടാപ്രാണിക്കു ഒന്നു വിളിച്ചു കൂവാൻ കൂടി പറ്റുകയില്ല.

ഇങ്ങനെ ഓരോന്നു ആലോചിച്ചിരുന്നപ്പോഴാണ് നെഞ്ചിനു വേദന തോന്നിയത്. ശരീരം മുഴുവനും വിയർത്തു കുളിച്ചു.

വെള്ളം... എന്നു ചോദിക്കാൻ നാവു ഉയരുന്നില്ല മാഷിന്റെ ആണ്ടു ബലിയായിരുന്നതുകൊണ്ട് എല്ലാവരും ഉണ്ടായിരുന്നു. അവരെല്ലാം പൂമുഖത്ത് റ്റി.വി കാണുകയായിരുന്നു.

ലളിതാംബിക അന്തർജ്ജനത്തിന്റെ അഗ്നി സാക്ഷി വായിച്ചുകൊണ്ട് കിടക്കയിൽ കിടക്കുകയായിരുന്നു. ശാരിയാണ് അമ്മ നിലത്ത് ബോധമറ്റു കിടക്കുന്നത് കണ്ടത്. ഒന്ന് ഉച്ചത്തിൽ വിളിയ്ക്കാൻ പോലുമാ

©CPCHTVPM



കാതെ അത് നിസ്സാരമായി അമ്മയെ നോക്കി മിഴിച്ചിരുന്നു.

എപ്പോഴോ ബോധം തെളിഞ്ഞപ്പോൾ ആശുപ ത്രിയിലെ ഐ.സി.യു. യൂണിറ്റിലാണ്. പിന്നെ എന്തൊക്കെയോ ടെസ്റ്റുകൾ പിന്നെയും ദിവസങ്ങൾ കഴിഞ്ഞു വാർഡിലേക്കു മാറ്റുവാൻ. ഹൃദയത്തിനു എന്തോ സാരമായ തകരാറുപറ്റി. പ്രായം ഇത്രയധികം ആയതിനാൽ ഓപ്പറേഷൻ പ്രയാസമാണെന്നാണ് ഡോക്ടർ പറഞ്ഞത്.

മോഹനാ, എന്നു വീട്ടിൽ പോകാമെടാ? ശാരദ ടീച്ചർ മകനോട് ചോദിച്ചു. ഡോക്ടറ് പറഞ്ഞിരിക്കുന്നത് പരിപൂർണ്ണ വിശ്രമം വേണമെന്നാണ്. സമയത്ത് കൃത്യമായി മരുന്ന് കഴിക്കണം. അതൊക്കെ അവിടെ ചെന്നാൽ ആരു നോക്കും. അതുകൊണ്ട് അമ്മ ഇനി ഞങ്ങളുടെ കൂടെ കഴിഞ്ഞാൽ മതി. രാധയും അതു തന്നെയാണ് പറയുന്നത്. ഇവിടെയാകുമ്പോൾ നല്ല ഡോക്ടർമാരുടെ ചികിത്സ ലഭിക്കും...

നിന്റെ ഇഷ്ടം അതാണെങ്കിൽ അങ്ങനെ തന്നെ നടക്കട്ടെ. എങ്കിൽ നീ ശാരിയെ ഉടനെ കൊണ്ടുവരൂ. ആ പാൽക്കാരി സരോജമല്ലേ രണ്ടു ദിവസമായി അവളെ നോക്കുന്നത്...

അമ്മേ അതു പിന്നെ ശാരി...

ഉം എന്താ?

ഒന്നുമില്ല അവൾ സുഖമില്ലാത്ത കുട്ടിയല്ലേ?

അതുകൊണ്ടാ അവളെയും കൊണ്ടു വരാൻ പറഞ്ഞത്. പോരാത്തതിന് പെൺകുട്ടിയും.

ശാന്തി വിളിച്ചപ്പോഴേക്കും കരുണനും വിളിച്ചു. പക്ഷേ അവൾക്കു അവിടം വിട്ടു പോകാൻ ഇഷ്ടമല്ല. സരോജം നോക്കാമെന്നു പറഞ്ഞു. അമ്മയുടെ പെൻഷന്റെ ഒരു ഭാഗം കൊടുത്താൽ മതി. കരുണന്റെ കാര്യം വിട് അവന്റെ അച്ഛനും അമ്മയുമൊക്കെ ഉള്ള കുടുംബ വീട്ടിൽ ഭാര്യയുടെ ചേച്ചിയെ എങ്ങനെ നിർത്തും. ഞാൻ ചോദിക്കുന്നത് നിന്റെ അനുജത്തിയെ നിന്റെ വീട്ടിൽ നിർത്തുന്ന കാര്യമാണ്.

അതു പിന്നെ അമ്മേ... രാധ പറയുന്നത്... നിർത്ത്..... പറയാൻ ബുദ്ധിമുട്ടണമെന്നില്ല. മനസ്സിലായി എ( തയും പെട്ടെന്ന് എന്നെ ഡിസ്ചാർജ് ചെയ്തു വീട്ടിൽ എത്തിക്കാൻ നോക്ക് ...

ശാന്തിയുടെയും മോഹനന്റെയും കൈപിടിച്ച് വീട്ടിൽ കയറിയപ്പോൾ വീൽ ചെയറിൽ ശാരിയുണ്ട്. അവൾ ദയനീയമായി അമ്മയെ നോക്കി. ഞാൻ കാരണം

അതു പിന്നെ അമ്മേ... രാധ പറയുന്നത്... നിർത്ത്..... പറയാൻ ബുദ്ധിമുട്ടണമെന്നില്ല. മനസ്സിലായി എ( തയും പെട്ടെന്ന് എന്നെ ഡിസ്ചാർജ് ചെയ്തു വീട്ടിൽ എത്തിക്കാൻ നോക്ക് ...

ശാന്തിയുടെയും മോഹനന്റെയും കൈപിടിച്ച് വീട്ടിൽ കയറിയപ്പോൾ വീൽ ചെയറിൽ ശാരിയുണ്ട്. അവൾ ദയനീയമായി അമ്മയെ നോക്കി. ഞാൻ കാരണം അമ്മയ്ക്ക് ബുദ്ധിമുട്ടായോ എന്നു ചോദിക്കും പോലെ ഉണ്ടായിരുന്നു.

ദിവസങ്ങളും ആഴ്ചകളും ഋതുക്കളും പി ന്നേയും മാറി മറിഞ്ഞു.ഒരു വർഷം കൂടി കടന്നുപോയി. ശാരദ ടീച്ചർക്കു പിന്നെ നെഞ്ചു വേദന വന്നില്ല. എങ്കിലും ടീച്ചർ അധികം പു റത്തിറങ്ങാറില്ല.

ഒരു ദിവസം രാവിലെ ടീച്ചർ കുളിച്ച് കസവു നേര്യതു ചുറ്റി തലകോതിയപ്പോൾ കട്ടിലിലിരുന്ന ശാരി ചോദ്യരൂപേണ അമ്മയെ നോക്കി.

ഇന്നത്തെ ദിവസത്തിന്റെ പ്രത്യേകത എന്താണെന്ന് ശാരിമോൾക്കറിയാമോ" ശാരിയുടെ കവിളിൽ തലോടികൊണ്ട് ടീച്ചർ ചോദിച്ചു. അറിയില്ലായെന്ന അർത്ഥത്തിൽ തലയാട്ടി. 'ഇന്നാണ് എന്റെ പൊന്നുമോളുടെ ജന്മദിനം..." ശാരി പുഞ്ചിരിച്ചു.

"അമ്മ അമ്പലത്തിൽപോയി ഭഗവതിയെ തൊഴുതിട്ടു വരാം"

പോകണ്ടെന്നർത്ഥത്തിൽ ശാരി അമ്മയുടെ കൈപിടിച്ചു. എന്നിട്ട് അമ്മയെ അടുത്തിരിക്കാൻ ആംഗ്യം കാണിച്ചു. ടീച്ചർ അടുത്തിരുന്നപ്പോൾ ശാരി കൊച്ചുകുട്ടിയെ പോലെ അമ്മയുടെ മടിയിൽ കിടന്നു. അമ്മ അവളുടെ തല തലോടികൊണ്ടു പറഞ്ഞു.

"മോള് നല്ല കുട്ടിയായിട്ട് ഇവിടെയിരിക്കണം. അമ്മ അമ്പലത്തിൽ പോയിട്ട് വൈകാതെ വരാം"

അവൾ അനുസരണയുള്ള കുട്ടിയെപ്പോലെ തല മടിയിൽ നിന്നെടുത്തു എന്നിട്ട് വീൽ ചെയറിനെ നോക്കി കൈ ചൂണ്ടി. അമ്മ വീൽ ചെയർ കട്ടിലിന്റെ അടുത്ത് കൊണ്ടിട്ട് ശാരിയുടെ കൈ പിടിച്ചു. പതുക്കെ അതിൽ കയറ്റി. അവൾ അതുരുട്ടി വാതിൽ വരെയെത്തി.

ശാരദ ടീച്ചർ ക്ഷേത്രത്തിൽ പോകാനിറങ്ങി. ടീച്ചർ കണ്ണിൽ നിന്നു മറയുന്ന വരെ അവൾ നോക്കി നിന്നു. കരുണൻ എല്ലാപേർക്കും നല്ല അഭിപ്രായം ഗൾഫിൽ എഞ്ചിനീയറായതുകൊണ്ട് ഒരുപാടു സമ്പാദിച്ചു കൂട്ടി.പുത്തൻപണക്കാരന്റെ പ്രൗഢി അയാളുടെ

©CP&CH TVPM



വാക്കിലും, നടപ്പിലും, പ്രവർ ത്തിയിലുമുണ്ട്. തന്റെ കഴിവിനെ കുറിച്ച് അയാൾക്കു അഹങ്കാരമുണ്ട്. അങ്ങനെ അഹങ്കരിച്ചിരിക്കുമ്പോൾ കുട്ടികളില്ലായെന്ന ചിന്ത അയാളുടെ മനസ്സിൽ കടന്നുവരും. അപ്പോൾ അയാൾക്കു തോന്നും "എന്തിനാ ഇങ്ങനെ സമ്പാദിച്ചു കൂട്ടുന്നത്? ആർക്കു വേണ്ടി? എന്തിനു വേണ്ടി? കല്യാണം കഴിഞ്ഞിട്ട് എട്ടു വർഷമായി. ഇത യാളുടെ മനസ്സിനെ ആധി പി ടിപ്പിക്കും അപ്പോൾ അയാൾ ദുഃഖം മറക്കാൻ മദ്യപിക്കും. മദ്യപിച്ചാൽ എന്താണ് ചെയ്യുന്നതെന്നയാൾക്ക് അറിയില്ല"

തലേദിവസവും ഈ ദുഃഖം കരുണന്റെ മനസ്സിനെ കാർന്നു തിന്നിരുന്നു. മനസ്സിന്റെ വേദന സഹിക്കാൻ കഴിയാതെ അന്നും അയാൾ ഒരുപാടു മദ്യപിച്ചു. ശാന്തിയോടു ഒരുപാടു ദേഷ്യപ്പെട്ടു. പിന്നെ ഒരു കൊച്ചുകുട്ടിയെ പോലെ ഭാര്യയുടെ മടിയിൽ മുഖം മറച്ചു തേങ്ങിക്കരഞ്ഞു. അപ്പോൾ ശാന്തിയ്ക്കും വിഷമമായി. അവളും കരഞ്ഞു.

നേരം നല്ലപോലെ വെളുത്തിട്ടും മദ്യത്തിന്റെ വെളിവു കേട് മാറിയിട്ടും കരുണന്റെ വിഷമം മാറിയില്ല. മദ്യം അങ്ങനെയാണല്ലോ? താല് ക്കാലികമായി മറന്നു തരും. മയക്കത്തിൽ നിന്നുണരുമ്പോൾ വേദന പൂർവ്വാധികം ശക്തിയോടെ തിരിച്ചുവരും. കാൻസർ രോഗിക്കു വേദന സംഹാരി കൊടുക്കുംപോലെ.. അതുകൊണ്ട് രാവിലെ തന്നെ കൂട്ടുകാരായ ജോസഫിനെയും, മാധവനെയും കാണാൻ പോകാൻ വിചാരിച്ചു. ജോസഫും മാധവനും ദുബായിൽ കരുണനോട് ഒന്നിച്ചു ജോലി ചെയ്യുന്നതാണ്. ഒരുമിച്ചു റൂമിൽ താമസിക്കുന്നവരും, ജോസഫ് കരുണൻ ജോലിചെയ്യുന്ന കൺസ്ട്രക്ഷൻ കമ്പനിയിലെ തന്നെ മറ്റൊരു എഞ്ചിനീയറാണ്.

കരുണൻ രാവിലെ എവിടെക്കോ പോകാനുള്ള ഒരുക്കമാണെന്നു മനസ്സിലായപ്പോൾ ശാന്തി സ്നേഹത്തോടെ ഭർത്താവിനോട് പറഞ്ഞു.

''രാവിലെ എവിടെ പോവുകയാണ്?"

"ഞാൻ ആ ജോസഫിനെയും മാധവൻ ചേട്ടനെയും ഒന്നു കണ്ടിട്ടുവരാം"

"അതിനടുത്താണല്ലോ എന്റെ വീട്. പിന്നെ കൂട്ടുകാരൊക്കെ കൂടി മദ്യപിച്ച് എന്റെ വീട്ടിലൊന്നും കേറി ചെല്ലരുത്. പോരാത്തതിന് ഇന്ന് ശാരിചേച്ചിയുടെ ജന്മനാളാണ്...."

കരുണൻ നേരെ മാധവന്റെ വീട്ടിൽചെന്നു. മാധവൻ ഒരു മധ്യവയസ്കനാണ്. രണ്ടു പെൺമക്കളാണ്. ഒന്നിനെ കെട്ടിച്ചയച്ചു. ഒന്നിനെ കെട്ടിക്കാനുണ്ട്. കരുണനെ അതി രാവിലെ കണ്ടപ്പോൾ മാധവൻ അതിശയിച്ചു.

"എന്താ സാറെ രാവിലെ"

"നമുക്കെന്താ ജോസഫിന്റെ വീടുവരെ പോയി ഒന്നു കൂടാം"

"ഇത്ര രാവിലെയോ?"

"ങാ,ഇതിനൊക്കെ സമയമുണ്ടോ? ചേട്ടൻവാ"

ജോസഫ് കല്യാണം കഴിയ്ക്കാത്ത ഒരു ചെറുപ്പക്കാരനാണ്. ആലോചന നടക്കുന്നുണ്ട് അയാളുടെ വീട്ടിൽ അമ്മച്ചിയും, അപ്പച്ചനും ഉണ്ടെങ്കിലും അല്പം മാറി ഒരു ഔട്ട് ഹൗസ് ഉണ്ട്. അവിടെ ആരും വരില്ല. അവിടെ ഇരുന്നാണ് ലീവിനു വരുമ്പോൾ മാധവനും ജോസഫും, കരുണനും കൂടി മദ്യപിക്കുന്നത്. മദ്യം തലയ്ക്ക് കയറി തുടങ്ങിയപ്പോൾ

"ഇന്നത്തെ പാർട്ടിയുടെ വിശേഷം എന്താണെന്ന് കരുണൻ സാറു പറഞ്ഞില്ല"

"വിശേഷം എന്താ ജോസഫേ? പിന്നെ ഒരു വിശേഷം വേണമെങ്കിൽ എന്റെ ഭാര്യയുടെ ചേച്ചിയുടെ ബെർത്ത് ഡേ ആണ്. ആ Happy Birthday Celebration'

"അങ്ങനെയാണെങ്കിൽ ആ കൊച്ചിനു ഒരു ബെർത്ത് ഡേ ഗിഫ്റ്റ് വാങ്ങിക്കൊടുക്കണ്ടേ?"

"തീർച്ചയായും വാങ്ങിക്കൊടുക്കണം" ജോസഫ് പറഞ്ഞു.

"എങ്കിൽ അതു കഴിഞ്ഞിട്ട് തന്നെ കാര്യം" കരുണൻ എഴുന്നേറ്റു.

അങ്ങനെ അവരു മൂന്നുപേരും കൂടി ജോസഫിന്റെ കാറിൽ ശാരദ ടീച്ചറിന്റെ വീട്ടിൽ എത്തിയത്. ശാരദ ടീച്ചർ അമ്പലത്തിലേക്ക് പോയ ഉടനെയാണ്.

ആരോ കാളിംഗ് ബെൽ അടിയ്ക്കുന്ന ശബ്ദം കേട്ട്, ശാരി വീൽചെയർ ഉരുട്ടി കൊണ്ടു വന്നു കതകു തുറന്നു. മദ്യപിച്ചു ലക്കുകെട്ട കരുണനും ജോസഫും, മാധവനും മുറിക്കകത്തു കയറി.

മദ്യത്തിന്റെ രൂക്ഷ ഗന്ധം അവിടെയാകെ അടിച്ചു. ശാരി ഭയത്തോടെ നോക്കി. അപ്പോൾ മൂന്നുപേരും കൂടി 'Happy Birthday to you' എന്നു കുഴഞ്ഞു പറഞ്ഞു. ജോസഫ് പറഞ്ഞു "എന്താ കരുണൻ സാറെ ഈ ചേച്ചി താങ്കു പറയാത്തത്"

മാധവൻ പറഞ്ഞു "ഇങ്ങനെയാണോ ഹാപ്പി

©PPCTVPM



ബർത്ത്ഡേ പറയുന്നത്.. ഞാൻ കാണിച്ചു തരാം.."

എന്നു പറഞ്ഞു കൊണ്ട് മുന്നോട്ട് വന്ന് ശാരിയുടെ കവിളിൽ ഒരു ഉമ്മ കൊടുത്തിട്ട്

'Happy Birthday'

എന്നിട്ട് പറഞ്ഞു.

"ഇനി എല്ലാവരും കൈയടിച്ചേ..."

മറ്റു രണ്ടു കുടിയൻമാരും അതുപോലെ ചെയ്തു. പകുതി മരവിച്ച ശരീരവുമായി മുഴുവൻ മരവിച്ച മനസ്സുമായി ശാരി നിസ്സഹായ ആയി. ആ കുടിയൻമാരുടെ കോപ്രായങ്ങൾക്കു മുമ്പിൽ പകച്ചിരുന്നു.

"എടാ കരുണ, നീ ആ ബർത്ത് ഡേ പ്രസന്റ് എടുത്തു കൊച്ചിന് കൊടുക്ക്..." മാധവൻ പറഞ്ഞു.

"എടാ അളിയാ, ജോസഫേ നീ തന്നെ അതങ്ങെടുത്ത് കൊടുക്ക്..."

ജോസഫ് ആ ചുരിദാറിരുന്ന കവർ ശാരിയുടെ കൈയ്യിൽ കൊടുത്തു.

"ചേട്ടത്തി ഇതിട്ട് ഞങ്ങൾക്കു കാണണം.." കരുണൻ പറഞ്ഞു. മാധവൻ പറഞ്ഞു "ആ പറഞ്ഞത് ന്യായം.. "

"ഈ ചേച്ചി ഉടുക്കുന്നില്ല..." ജോസഫ്പറഞ്ഞു.

"എടാ, പിറന്നാളിൽ നമ്മൾ ഉടുപ്പിച്ചു കൊടുക്കുകയല്ലേ വേണ്ടത്"

"അയ്യേ ഈ കതകു തുറന്നു കിടക്കുമ്പോഴോ?

"ഞാനതു ഓർത്തില്ല.." എന്നു പറഞ്ഞു.

മാധവൻ കതകടച്ചു. എന്നിട്ട് മൂന്നുപേരും കൂടി ശാരിയെ വീൽചെയറിൽ നിന്നെടുത്തു കട്ടിലിലിരുത്തി.

ശാരി കൈ കൊണ്ടു അവരെ തള്ളി മാറ്റാൻ ശ്രമിക്കുകയും കടിയ്ക്കുകയും ചെയ്തു. ആ മൂന്നുപേരും കൂടി ആ പൂവിനെ ചവിട്ടി മെതിച്ചു. എല്ലാം കഴിഞ്ഞു പോവാനായി അവർ കാറിൽ കയറാൻ ഭാവിച്ചപ്പോഴാണ് ശാരദ ടീച്ചർ വന്നത്. കരുണൻ കാറിൽ കയറി കഴിഞ്ഞിരുന്നു. അവിടെയിരുന്നുകൊണ്ട് മറ്റു രണ്ടു പേർക്കും കരുണൻ ടീച്ചറെ പരിചയപ്പെടുത്തി കൊടുത്തു.

"ഇതെന്റെ Mother in law..."

"നമസ്ക്കാരം" മാധവൻ പറഞ്ഞു.

"ഞങ്ങൾ ചേച്ചിയ്ക്ക് ബെർത്ത്ഡേ പ്രസന്റ് കൊടുക്കാൻ വന്നതാണ്"

കരുണനും കൂട്ടുകാരും കാറിൽ കയറി പോയിട്ടും ഒരു നിമിഷം ശാരദ ടീച്ചർ സ്തബ്ദയായി നിന്നു പോയി. പിന്നെ ടീച്ചറിന്റെ ഉള്ളൊന്നു കാളി "മോൾ..."

ടീച്ചർ അകത്തു ചെന്നപ്പോൾ കണ്ട കാഴ്ച വിവരിക്കാൻ വാക്കുകളില്ല.

"മോളേ ശാരി.." എന്നു വിളിച്ചു മുഖത്തു നിന്നും കൈ എടുത്തു മാറ്റാൻ ശ്രമിച്ചു. പക്ഷേ ശാരി ബലമായി കൈകൊണ്ട് കണ്ണുപൊത്തിയിരുന്നു.

വിരലുകൾക്കിടയിലൂടെ അവളുടെ കണ്ണ് ഭയവികലമായിരിക്കുന്നതു ടീച്ചർ കണ്ടു.

"ഈശ്വരാ ഈ തെമ്മാടികൾ എന്റെ കുട്ടിയെ നശിപ്പിച്ചല്ലോ?" "ഒറ്റയെണ്ണത്തിനെയും ഞാൻ വിടില്ല" എന്തോ നിശ്ചയിച്ചുറപ്പിച്ചതുപോലെ ടീച്ചർ ടെലിഫോണിന്റെ അരികിലേയ്ക്കു നടന്നു. ടീച്ചർ ഫോൺ എടുക്കുന്നതിനു മുമ്പു ഫോൺ ബെൽ ശബ്ദിച്ചു.

ടീച്ചർ ഫോണെടുത്തു.

"ഹലോ"

"ഞാനാ അമ്മേ ശാന്തി"

ടീച്ചർ ഒന്നും മിണ്ടിയില്ല.

"പിന്നെ ഒരു സന്തോഷ വാർത്തയറിയിക്കാനുണ്ട്" അമ്മയുടെ പ്രാർത്ഥന ദൈവം കേട്ടു. ഞാനൊരു അമ്മയാവാൻ പോകുന്നു..." ടീച്ചർക്കു സന്തോഷിക്കണോ, അതോ കരയണമെന്നോ... എന്താണ് ചെയ്യേണ്ടതെന്നറിയാൻ വയ്യാതായി.

"കരുണേട്ടൻ അവിടെയെങ്ങാനും വന്നോ? രാവിലെ ഇവിടന്നു പോയതാണ്. പാവം ഇന്നലെയും കൂടി കുട്ടികളില്ലാത്തതു ഓർത്തു വിഷമിച്ചിരുന്നു...." പിന്നെയും ശാന്തി എന്തൊക്കെയോ പറഞ്ഞു അവൾക്കു സന്തോഷം നിയന്ത്രിക്കാൻ കഴിയില്ലാന്നു തോന്നി. മറ്റൊരു സന്ദർഭത്തിലാണെങ്കിൽ അമ്മയുടെ ഭാവപകർച്ച അവൾക്കു മനസ്സിലാകുമായിരുന്നു. അവൾ ഇങ്ങനെ പറഞ്ഞവസാനിപ്പിച്ചു...." അമ്മേ ചേച്ചിയോട് ഉടനെ പറയണം ചേച്ചിയ്ക്ക് എന്തു സന്തോഷമാവുമെന്നോ? പിന്നെ ഞാൻ വയ്ക്കട്ടെ അദ്ദേഹത്തിന്റെ വീട്ടിലറിയിക്കണം.

രണ്ടു ദിവസം അങ്ങനെ കഴിഞ്ഞു. രണ്ടാത്മാക്കൾ നീറുന്ന കഥ പുറം ലോകം അറിഞ്ഞില്ല. രണ്ടു ദിവസം കഴിഞ്ഞപ്പോൾ ശാരദ ടീച്ചർ എന്തോ നിശ്ചയിച്ചുറപ്പിച്ചതുപോലെയായി. അവൾ എഴുന്നേറ്റ് വീട് വൃത്തിയായി തുടച്ചു തൂത്തു. പാത്രങ്ങളെല്ലാം കഴുകി

©CP&CH TVPM

.

അതാതു സ്ഥലത്തു വച്ചു. ടീച്ചർ കുളിച്ചു. ശാരിയെയും കുളിപ്പിച്ചു. അവളുടെ മനസ്സു ശാന്തമായതായി തോന്നി. കൊടും കാറ്റിനു മുമ്പുള്ള മനസ്സു ശാന്തത. അമ്മ ഓരോന്നു ചെയ്യുന്നതു അവൾ നോക്കിയിരുന്നു. അവളെ കുളിപ്പിച്ചപ്പോൾ അവർ എതിർത്തില്ല. എല്ലാം കഴിഞ്ഞ് ടീച്ചർ മകളെ ഒരുക്കി. എന്നിട്ട് സ്വയം ഒരുങ്ങി. ഭർത്താവിന്റെ ഫോട്ടോയുടെ മുമ്പിൽ വന്ന് ഒരുപാട് കരഞ്ഞു. എന്നിട്ട് മകളുടെ അടുത്തു ഒരു മൊന്തയിൽ പാലും രണ്ടു ഗ്ലാസുകളും കൊണ്ടുവച്ചു. ഒരു ചെറിയകുപ്പിയും കൊണ്ടുവച്ചു. എല്ലാം ശാന്തതയോടെ ശാരി കണ്ടിരുന്നു.

"മോളേ നമ്മൾക്ക് മോളുടെ അച്ഛന്റെ അടുത്തു പോകാം" അവൾ അമ്മയെ നോക്കിയിരുന്നു.

"മോൾക്ക് ഭയമുണ്ടോ?"

ഇല്ലായെന്നർത്ഥത്തിൽ തലയാട്ടി.

ടീച്ചർ രണ്ടു ഗ്ലാസിലും പാൽ ഒഴിച്ചു. എന്നിട്ട് ചെറുകുപ്പിയിലിരുന്ന വിഷം രണ്ടു ഗ്ലാസ്സിലും തുല്യമായി ഒഴിച്ചു. അവരുടെ കണ്ണിൽ നിന്നും ഒരു തുള്ളി കണ്ണുനീർ ഇറ്റു ആ ഗ്ലാസ്സുകളിൽ വീണു. ശാരി അമ്മയുടെ കണ്ണുനീർ തുടച്ചു.

എന്നിട്ട് അമ്മയെ കെട്ടി പിടിച്ചു. അമ്മ അവളുടെ കവിളിലും, നെറുകയിലും ചുംബിച്ചു. അവൾ ഗ്ലാസിനായി കൈനീട്ടി... ടീച്ചർ എടുത്തു കൊടുത്തു. ഒറ്റവലിയ്ക്ക് ശാരി അതു കുടിച്ചു. എന്നിട്ട് പൊടുന്നനെ മറ്റേ ഗ്ലാസ് എടുത്തു ദൂരെ എറിഞ്ഞു. അതിലെ പാലും വിഷവും ആ മുറിയിലാകെ ചിതറി...

"മോളേ .... നീ എന്തായിത് ചെയ്തത്?"

ടീച്ചർക്ക് കലശമായ നെഞ്ചുവേദന തോന്നി. ശരീരം വിയർക്കുന്നു. എന്തെങ്കിലും ചെയ്യുന്നതിനു മുമ്പേ അവർ കുഴഞ്ഞു വീണു. "ഞാനെന്റെ പൊന്നുമോളേ കൊന്നു എനിക്കു മോചനം വേണ്ട" "എന്താ പിറുപിറുക്കുന്നത്" വാർഡൻ ലക്ഷ്മിയാണ്.

"എന്താ ഇതുവരേയും ഉറങ്ങിയില്ലേ. നാളെ പോകുന്ന സന്തോഷമായിരിക്കും"

'ങ്ാ ഉറങ്ങണം, സുഖമായി ഉറങ്ങണം..."ശാരദ ടീച്ചർ മസ്സിൽ പറഞ്ഞു ശാരദ ടീച്ചർ പാ വിരിച്ചു കിടന്നു. അപ്പോഴും ജയിലറയിലെ ഒരു മൂലയിലിരുന്നു സരള കിനാവു കാണുന്നുണ്ടായിരുന്നു.

പിറ്റേന്നു വാർഡൻ വന്നു മുറി തുറന്നപ്പോൾ ആ അമ്മ നിത്യനിദ്രയിലായി കഴിഞ്ഞിരുന്നു. കുഞ്ഞനുറുമ്പുകൾ ആ ശരീരത്തിലൂടെ വരിവരിയായി പോകുന്നുണ്ടായിരുന്നു.



©CP&CH TVPM



അരുൺശശി
U.T .No.8644

# മനസ്

അരുൺ ശശി

കടലിന്നഗാധമാം നീലിമയോ..
അതോ എൻ മനസ്സിൻ ഗുപ്തകാളിമയോ...
മാരിവില്ലിൻ നിറ സൗന്ദര്യമോ...
അതോ നിന്റെ ഗുണ സൗകുമാര്യമോ.
ഭൂമിദേവിതൻ ഋതുഭേദങ്ങളോ..
അതോ നിൻ വികാര വിചാരങ്ങളോ,..
ജലാശയങ്ങളിലെ ഓളങ്ങളോ..
അതോ നിൻ ചഞ്ചലതകളോ..
പുഷ്പദളങ്ങൾ തൻ നൈർമല്യമോ...
അതോ നിൻ ലോലഭാവങ്ങളോ.
വസുന്ധരേ നിൻ വിസ്ഫോടനങ്ങളോ..
അതോ എൻ മനസ്സിലെ പ്രക്ഷുബ്ധതകളോ...
സ്ഫടികപാത്രത്തിൻ ക്ഷണികതയോ...
അതോ നിൻ ഉൻമത്ത ഉന്മാദാവസ്ഥയോ..
എങ്കിലും,
സംഗീതത്തിന് ഏഴുസ്വരം പോലെ
എന്റെ അസ്തിത്വം നിന്നിലാണെൻ മനസ്സേ..

©CP&CH TVPM




# ജനാധിപത്യവും, നിയമവും, സത്യവും




ബാബു
C.No.341

ഏഷ്യാ ഭൂഖണ്ഡത്തിലെ ഒരു വലിയ രാജ്യമാണ് ഇന്ത്യ. 29 സംസ്ഥാനവും 7 കേന്ദ്രഭരണ പ്രദേശവും ചേർന്നതാണ് ഇന്ത്യ. ബ്രിട്ടീഷുകാരുടെ ഭരണത്തിനുശേഷം ഇൻഡ്യയിൽ ഒരു ഭരണകൂടം ഉണ്ടാകുകയും, ജനാധിപത്യ വ്യവസ്ഥ ഉണ്ടാവുകയും, അതിൻപ്രകാരം ഒരു ഭരണഘടന ഉണ്ടാവുകയും ആ ഭരണഘടനയുടെ ഭാഗമായി ഇൻഡ്യയിൽ ചില നിയമവ്യവസ്ഥകളും ഉണ്ടായി.ഭരണഘടനയുടെ ഭാഗമായുള്ള നിയമങ്ങളും നിയമവ്യവസ്ഥകളും ഇൻഡ്യയിൽ ജനിച്ച് ഇൻഡ്യയിൽ കഴിയുന്നവരും, വിദേശത്തു നിന്നും ഇൻഡ്യയിൽ വരുന്നവരും പാലിക്കേണ്ടതുണ്ട്. എന്നാൽ ഇൻഡ്യയിലെ മിക്ക സംസ്ഥാനങ്ങളിലും വിദ്യാഭ്യാസ കുറവുകൊണ്ടും,ദാരിദ്ര്യംകൊണ്ടും, ഗ്രാമപ്രദേശങ്ങളിൽ താമസിക്കുന്നവരിൽ ഭൂരിഭാഗത്തിനും, നഗരങ്ങളിൽ താമസിക്കുന്നവരിൽ കുറേപ്പേർക്കും ഇൻഡ്യയിലെ നിയമവ്യവസ്ഥയെപ്പറ്റി വേണ്ടത്ര അറിവില്ല. കൂടാതെ ചിന്തിക്കാറുമില്ല എന്നുള്ളതാണ് സത്യം. എന്നാൽ ഇൻഡ്യയിൽ ഒരു നിയമവ്യവസ്ഥ മാത്രമേയുള്ളുവെങ്കിലും ഇൻഡ്യയിലെ 29 സംസ്ഥാനങ്ങളിലും 7 കേന്ദ്രഭരണ പ്രദേശങ്ങളിലും അതാത് കാലത്തുവരുന്ന സർക്കാരുകൾ ഈ പറയുന്ന നിയമവ്യവസ്ഥകൾ പലതരത്തിലാണ് നടപ്പാക്കുന്നതും കൈകാര്യം ചെയ്യുന്നതും ഭരണകർത്താക്കളിൽ ഭൂരിഭാഗവും ജനാധിപത്യ നിയമവ്യവസ്ഥകൾ ലംഘിക്കുന്നു. അതുപോലെതന്നെ നിയമം നടപ്പാക്കുന്ന ചില ഉദ്യോഗസ്ഥരും അവയെ തെറ്റായി വ്യാഖ്യാനിക്കുന്നു. ഇതുമൂലം ഇൻഡ്യയിലെ ഭരണഘടനയിൽ പറയുന്ന നിയമ വ്യവസ്ഥക്ക് മൂല്യം ഇല്ലാതാകുന്നു.

ഇൻഡ്യയിൽ ജനാധിപത്യമാണ് ഉള്ളതെങ്കിലും ജനാധിപത്യത്തിലേക്ക് ഹിന്ദുമതവും, ക്രിസ്തുമതവും, ഇസ്ലാംമതവും മറ്റു ഇതര മതങ്ങളും കലർന്നപ്പോൾ ഭീകരവാദവും, ക്രിമിനലുകളും പെരുകി കൂടാതെ പാശ്ചാത്യരീതിയും, അവരുടെ വേഷരീതികളും മയക്കുമരുന്നിന്റെയും, മദ്യത്തിന്റെയും ഉപയോഗവും വർദ്ധിച്ചപ്പോൾ ഇൻഡ്യയിൽ ക്രൂരമായ പീഡനങ്ങളും, ബലാൽസംഗവും, കൊലപാതകവും വർദ്ധിച്ചു എന്നതും മറ്റൊരു സത്യമാണ്. സ്വന്തം മക്കളെ പോലും ഉപേക്ഷിച്ച് ബ്രിട്ടീഷുകാരോട് യുദ്ധം ചെയ്ത് ഇൻഡ്യയെ വീണ്ടെടുത്ത ധീരൻമാരായ രാജ്യസ്നേഹികൾ മണ്ണടിഞ്ഞ ഈ മണ്ണിൽ ജനാധിപത്യം എന്ന പേരിൽ വർഗീയത വളർത്തുകയും ഭരണകർത്താക്കൾ പലരും അഴിമതിക്കാരായി മാറി. ഇനി ഇൻഡ്യയിലെ ജനങ്ങൾക്ക് ഒരുപോ ലെ ജനാധിപത്യം വരുന്ന ഒരു കാലം വരുമോ അതോ കൊറോണ പോലുള്ള മഹാമാരിപടരുന്ന കലിയുഗം വരുമോ? നാം കണ്ട് അറിയുക.




©CP&CHTVPM





# നോ ചാർജ്ജ്

## ചെറുകഥ

**രാജൻ.സി.ജോർജ്ജ്**
C.No.7856

അരുൺ അമ്മയോട് പറഞ്ഞു ഇന്ന് 15 രൂപ തരണം, കടം പറയരുത്.

ഈ ആഴ്ച ഞാൻ ജോലി ചെയ്തതിന്റെ ചാർജ്ജ് ആണ് 15 രൂപ.

1) ഈ ആഴ്ച പശുവിന് പുല്ല് പറിച്ചതിന് - 5 രൂപ

2) രണ്ട് ദിവസം ചന്തയിൽ പോയതിന് - 4 രൂപ

3) അനുജനെ രണ്ട് ദിവസം നോക്കിയതിന് - 2 രൂപ

4) രണ്ട് ദിവസം മുറ്റമടിച്ചതിന് - 2 രൂപ

5) ഒരു ദിവസം പാത്രം കഴുകിയതിന് - 2 രൂപ

ഇങ്ങനെ 15 രൂപ അമ്മ തരുവാനുണ്ട്.
ഇന്നു തന്നെ തരണം.
സ്നേഹമുള്ള അമ്മ 16 രൂപ അരുണിന് കൊടുത്തു.
ഒരു രൂപ മോന്റെ പലിശയായിട്ട് എടുത്തു കൊള്ളുക.

**ഇനി അമ്മ പറയുന്നത് മോൻ ശ്രദ്ധിച്ചു കേൾക്കണം.**

1) നീ 9 മാസവും 9 ദിവസവും എന്റെ വയറ്റിൽ കിടന്ന് എന്റെ ശ്വാസവും ഭക്ഷണവും നീ ആസ്വദിച്ചു. അതിന് **നോ ചാർജ്ജ്.**

2) മോൻ ജനിച്ചപ്പോൾ മുതൽ 5 വയസ്സു വരെ
മലമൂത്ര വിസർജ്ജനം എടുത്തതിന് **നോ ചാർജ്ജ്..**

3) പത്തു വയസ്സു വരെ നിനക്ക് കളിപ്പാട്ടങ്ങളും
ഡ്രസ്സും വാങ്ങിത്തന്നതിന് **നോ ചാർജ്ജ്.**

4) രാത്രി നീ കീയോ കീയോ എന്ന് കരഞ്ഞപ്പോൾ ഞാൻ പല രാത്രിയും
ഉറങ്ങാതെ നിന്നെ ഉറക്കിയതിന് **നോ ചാർജ്ജ്.**

5) ഇപ്പോൾ നിനക്ക് 15 വയസ്സായി. നിന്റെ വിദ്യാഭ്യാസത്തിന്
ഞാൻ മുടക്കിയ പണത്തിന് **നോ ചാർജ്ജ്.**

ഇതു കേട്ട് അരുൺ കരയാൻ തുടങ്ങി.
അമ്മ ഫുൾ ചാർജ്ജ് തന്നു കഴിഞ്ഞു.
ഇനി ഒരിക്കലും എനിക്ക് ഒരു കൂലിയും തരണ്ട.

കരഞ്ഞു കൊണ്ടിരുന്ന അരുണിന് അമ്മ രണ്ടു കവിളുകളിലും നാല് ഉമ്മ കൊടുത്തു.
മോന്റെ ജീവിതത്തിൽ 15 വയസ്സിൽ എത്ര ഉമ്മ തന്നു എന്ന് അമ്മ കുറിച്ചു വെച്ചിട്ടില്ല.
ഇപ്പോൾ തന്ന നാല് ഉമ്മയ്ക്കും നോ ചാർജ്ജ്.
ഇതിനിടയ്ക്ക് 16 രൂപ അമ്മയുടെ കൈയ്യിൽ അരുൺ തിരികെ കൊടുത്തു.

©CP&CH TVPM





സന്തോഷ് പെരളി
ഡെപ്യൂട്ടി പ്രിസൺ ഓഫീസർ

# അവനവൻ കടമ്പ

## കവിത

ഞാനെന്നെ വായിച്ചു കൊണ്ടിരുന്ന കാലത്ത്,
എന്റെ ലോകമായിരുന്നു ചുറ്റും.

എന്റെ നാടുചുറ്റലും, വീട്ടുറക്കവും, അഗമ്യഗമനവും,
ഒടുവിലത്തെ വിചാരണയും,

ന്യായം വിതച്ച് കൊയ്യുന്നവയായിരുന്നു.

നിന്നെ വായിച്ചപ്പോഴാണ്, ലോകം മറ്റൊരു
തരത്തിൽ കൂടിയാണെന്ന് അറിഞ്ഞത്.

എന്റെ തിരുത്തലുകളായിരുന്നു നിന്റെ വായന.
കലക്കവെള്ളത്തിലെ ഉറയാത്ത ഉപ്പു പോലെ
അത് ഞാനുൾക്കൊണ്ടില്ല.

നിന്നെ വല്ലപ്പോഴും വായിക്കാൻ ശ്രമിച്ചു.
എന്റെ വായനയിലെ ബിരുദധാരിയായിരുന്നതിനാൽ
അവ മറ്റുള്ളവരെ പഠിപ്പിക്കുവാനും ശ്രമിച്ചു.

തിരക്കിൽ വായിക്കാൻ മറന്നവരുടെ
കൂട്ടത്തിൽ ഞാനെന്നെ കണ്ടു.

പരന്ന വായനക്കാരെ
അടക്കം ചെയ്തിടത്തെ പുസ്തകക്കൂട്ടിൽ
ചീവീടുറക്കം കെടുത്തിയ രാത്രികൾ
രാത്രികളെ പെറ്റുപെരുക്കി കൊണ്ടിരുന്നു.


©CPRCH TVPM

# എന്റെ വര



**എം.സുരേഷ്‌കുമാർ**
ഡെപ്യൂട്ടി പ്രിസൺ ഓഫീസർ

© CP&CH TVPM








# നന്മയുടെ സ്നേഹം

## കഥ




അഖിൽകണ്ണൻ
U.T.No.4240

വനത്തിനുള്ളിൽ പച്ചിലമരുന്നുകൾ പറിച്ചും ഈറവടി കുട്ടയും മുറവും വീട്ടുപകരണങ്ങളും പണിതും പട്ടണങ്ങളിൽ കൊണ്ട് പോയി വിൽപ്പന നടത്തി ഉപജീവനം നയിക്കുന്ന കുറച്ച് കുടുംബങ്ങൾ താമസിച്ച് വരുന്ന ആനമലയുടെ അടിവാരത്തിലെ ഒരു കൊച്ചുഗ്രാമം. അവിടെ ഒരു വൈദ്യനും കുടുംബവും താമസമുണ്ടായിരുന്നു. വൈദ്യന്റെ ഒരേ ഒരു മകനായിരുന്നു രാമു.

ഒരിക്കൽ രാമുവും കൂട്ടരും ഈറവെട്ടുന്നതിനായി വനത്തിനുള്ളിലേയ്ക്ക് കയറി ചെന്നു. എല്ലാവരും ഈറവെട്ടുവാൻ ആരംഭിച്ചു. ഈറവെട്ടിക്കൊണ്ടിരിക്കേ പെട്ടെന്ന് ഒരാനയുടെ ചിന്നം വിളി ശബ്ദം കേട്ടു. എല്ലാവരും ഭയന്ന് ഞെട്ടിത്തിരിഞ്ഞ് നോക്കിയപ്പോൾ അതാ, അവരോട് ചേർന്ന് തൊട്ടരുകിലായി ഒരു ഒറ്റയാൻ നിൽക്കുന്നു. ആനയുടെ ഭീകരമായ സാന്നിധ്യം പെട്ടെന്ന് ഉണ്ടായപ്പോൾ പലരും പലവഴിക്കായി ചിതറി ഓടി മറഞ്ഞു. ആ കൂട്ടത്തിൽ രാമുവും ഓടി രക്ഷപ്പെടുവാനായി തിരിയവേ കാൽതട്ടി ആനയുടെ മുന്നിലേക്ക് വീണു. ഭയന്ന് വിറച്ച ശരീരവുമായി വീണുകിടന്ന രാമുവിനെ ചവിട്ടിഞെരിച്ചു കൊല്ലുവാനായി ആന കാലു പൊക്കിയതും സകല ദൈവങ്ങളേയും മനസ്സിൽ വിചാരിച്ച് രാമു തന്റെ കണ്ണുകൾ ഇറുക്കി അടച്ചു. അൽപനേരം കഴിഞ്ഞിട്ടും ആന ചവിട്ടാതെ വന്നപ്പോൾ രാമു തന്റെ മിഴികൾ ആകാംഷയോടെ തുറന്നു നോക്കി.

രാമു കണ്ണുകൾ തുറക്കുന്നതുകണ്ട് ആന വീണ്ടും ചിന്നം വിളിച്ചുകൊണ്ട് വീണ്ടും രാമുവിനെ ആക്രമിക്കുവാനായി കാലുകൾ ഉയർത്തി ആ നിമിഷം തന്നെ വീണ്ടും പഴയ അവസ്ഥയിൽ കണ്ണുകൾ ഇറുക്കി അടച്ച് രാമു കിടന്നിടത്തു തന്നെ കിടന്നു. അൽപനേരം കഴിഞ്ഞിട്ടും ആന ചവിട്ടുകയോ ഉപദ്രവിക്കുകയോ ചെയ്യാതെ വന്നപ്പോൾ രാമു തന്റെ മിഴികൾ ദൈവങ്ങളെ മനസിൽ വിചാരിച്ചു തുറന്നു. അപ്പോൾ അതാ ഭീമാകാരനായ ആ ഒറ്റയാൻ രാമുവിന്റെ തലക്ക് ഒരു ചാണോളം മുകളിൽ കാൽ ഉയർത്തിപിടിച്ച് ചവിട്ടിഞെരിക്കുവാൻ ഓങ്ങി നിൽക്കുന്നു. രാമു ആനയുടെ കാൽവെള്ളയിൽ തികഞ്ഞ ഭയത്തോടെ നോക്കിയപ്പോൾ എന്തോ ഒന്ന് തറഞ്ഞ് നിൽക്കുന്നു. ആ ഭാഗം പഴുത്ത് വ്രണം ആയ അവസ്ഥയിലാണ്. തെല്ലു നേരത്തിന് ശേഷം ആക്രമിക്കാതെ ആന വീണ്ടും കാല് പിൻവലിച്ചു. ആന തന്നെ ഉപദ്രവിക്കുവാനുള്ള അവസ്ഥയിലല്ല നിൽക്കുന്നത് എന്ന് രാമുവിന് മനസ്സിലായി. മരണത്തെ മുഖാമുഖം ഇഞ്ചോടിഞ്ച് വ്യത്യാസത്തിൽ കണ്ട രാമു രണ്ടും കൽപിച്ച് എഴുന്നേൽക്കുവാൻ തുനിഞ്ഞു ആ സമയം ആന രാമുവിനെ അതിന്റെ തുമ്പിക്കൈ ഉപയോഗിച്ച് കോരി എടുത്തു. ഭയന്ന് വിറച്ച് വിളറിയ മുഖവും ആയി രാമു ആനയുടെ തുമ്പിക്കൈകളിൽ ഒതുങ്ങി. രാമുവിനെയും കൊണ്ട് ആന കാടിനുള്ളിലേക്ക് നടന്നു നീങ്ങി.





ഉൾവനത്തിലെ ഒരു മനോഹരമായ അരുവിയുടെ അരികിൽ കൊണ്ട് പോയി ആന രാമുവിനെ താഴേക്കിറക്കി. കുറച്ച് നേരത്തേക്ക് രാമു ആനയെതന്നെ സൂക്ഷിച്ച് നോക്കി അനങ്ങാതെ നിശബ്ദനായി ഭയന്ന് വിറച്ച് നിന്നു. ആനയുടെ കണ്ണുകളിൽ നിന്നും കണ്ണുനീർ ധാരധാരയായി ഒഴുകി. രണ്ട് മൂന്ന് തവണ ചിന്നം വിളിച്ചശേഷം ഒരു വശത്തേക്ക് അൽപം മാറി കാലു നീട്ടിവച്ച് കിടന്നു. രാമുവിന്റെ ഉള്ളിലെ ഭയം പാടേ മാറി. രാമു ശ്രദ്ധയോടെ മെല്ലെ ഒറ്റയാന്റെ അടുത്തേക്ക് നീങ്ങി ചെന്ന് നിന്നു. രാമു കൈകൾ ഉയർത്ത് ആനയുടെ നെറുകയിൽ മൃദുലമായി ഒന്ന് തലോടി. ആനയുടെ കണ്ണുകളിൽ നിന്നും വാർന്നൊലിച്ചിരുന്ന കണ്ണുനീർ അവന്റെ കൈകൾ കൊണ്ട് മെല്ലെ തുടച്ച് മാറ്റി. എന്നിട്ട് രാമു നീട്ടിപിടിച്ച് കിടക്കുന്ന ആനയുടെ കാൽപത്തിയിലേക്ക് സൂക്ഷിച്ച് നോക്കി. അപ്പോഴാണ് ആനയുടെ കാൽവെള്ളയിൽ ഒരു മുളംകുറ്റി തറച്ചിരിക്കുന്നത് അവൻ കണ്ടത്. രാമു മെല്ലെ ആ മുളംകുറ്റി വലിച്ചൂരിയെടുക്കുവാനുള്ള ശ്രമം തുടങ്ങി. ഒരുപാട് പരിശ്രമത്തിനൊടുവിൽ ആ മുളംകുറ്റി അവൻ ഊരിയെടുത്തു. ഒരു കൈയ്യുടെ വലുപ്പം ഉണ്ടായിരുന്നു ആ മുളംകുറ്റിക്ക്. എന്നിട്ട് രാമു ആ മുറിവിലിരുന്ന പുഴുക്കളെയും പഴുപ്പിനെയും നീക്കം ചെയ്തു. അതിന് ശേഷം അരുവിയിൽ നിന്നും വെള്ളം ശേഖരിച്ച് ആനയുടെ കാൽ വെള്ളയിലെ മുറിവിന്റെ ഭാഗം കഴുകി വൃത്തിയാക്കി. കാട്ടിൽ സ്ഥിരമായി പച്ചില മരുന്നുകൾ പറിക്കാൻ പോകുന്നതുകൊണ്ട് അവന് ഔഷധങ്ങളെ കുറിച്ച് നന്നായി അറിയാമായിരുന്നു. രാമു അവിടെ നിന്നും പച്ചിലമരുന്നുകൾ ശേഖരിച്ച് അത് അരച്ച് മരുന്ന് പരുവമാക്കി ആനയുടെ ഉള്ളം കാലിൽ മുറിഞ്ഞ സ്ഥലത്ത് വച്ചു. അവന്റെ ഉടുതുണി അൽപം മുറിച്ച് ആനയുടെ മുറിവിൽ മരുന്ന് വെച്ചതിനെ പൊതിഞ്ഞ് കെട്ടി. അതോടുകൂടി രാമുവിന്റെ ഭയം മാറുകയും ആനയോടു അടുപ്പം തോന്നുകയും ധൈര്യം കൈവരുകയും ചെയ്തു. രാമു ആനയുടെ നെറുകയിൽ മൃദുലമായി തലോടിയ ശേഷം ആനയുടെ ചെവിയിൽ മെല്ലെ പറഞ്ഞു. "നിന്റെ അസുഖം ഭേദമാക്കി മുറിവുണങ്ങിയ ശേഷമേ ഞാൻ നിന്നെ വിട്ടു പിരിയുകയുള്ളു എന്ന്". അങ്ങനെ നല്ലൊരു ചങ്ങാതിയെ പോലെ മൂന്ന് നാല് മാസം ആനയോടൊപ്പം കാട്ടിലെ പഴവർഗ്ഗങ്ങളും കാട്ടരുവിയിലെ ജലവും സേവിച്ച് മുറിവുണങ്ങുന്നത് വരെ അവൻ ആനയെ പരിപാലിച്ച് കൊണ്ട് കാട്ടിൽ കഴിഞ്ഞു. നിരന്തരമുള്ള ശുശ്രൂഷയുടെ ഫലമായി ആനയുടെ മുറിവുണങ്ങുകയും ആന പൂർണാരോഗ്യവാനായി എഴുന്നേൽക്കുകയും ചെയ്തു. രാമു ആനയോട് ഒരു ദിവസം ഇങ്ങനെ പറഞ്ഞു "ഇനി നിനക്ക് ഒരു സങ്കടവും വേണ്ട നിന്റെ കണ്ണുകൾ നിറയ്ക്കണ്ട നിന്റെ മുറിവ് ഉണങ്ങി".

എന്റെ ദൗത്യം കഴിഞ്ഞില്ലേ ഇനി നീ എന്നെ എടുത്ത സ്ഥലത്തേക്ക് തന്നെ സുരക്ഷിതമായി നിന്റെ തുമ്പിക്കൈകളിൽ കൊണ്ടുപോയി വിടുക. എന്റെ അച്ഛനും അമ്മയും എല്ലാം എന്നെ കാണാതെ വിഷമിക്കുന്നുണ്ടാവും. എനിക്ക് എത്രയുംവേഗം അവരുടെ അടുത്തെത്തിച്ചേരണം. അവന്റെ വാക്കുകൾ കേട്ട് ആനക്ക് സങ്കടമായി. എന്നാലും തന്നെ രക്ഷിച്ച ആളുടെ തീരുമാനമായിരുന്നു ആനക്ക് പ്രധാനം. ആനക്ക് അവസ്ഥ മനസ്സിലായി. (അവന്റെ ആംഗ്യവും സംസാരവുമെല്ലാം ആനക്ക് നല്ലവണ്ണം പരിചിതമായിരുന്നു) രാമുവിനെ ആന സന്തോഷത്തോടെ തുമ്പിക്കൈപ്പല്ലക്കിൽ കോരിയെടുത്ത് സന്തോഷത്തോടെ ചിന്നംവിളിച്ചുകൊണ്ട് നടന്നുനീങ്ങി. രാമുവിനെ എടുത്ത സ്ഥലത്തു തന്നെ കൊണ്ടുപോ യി ഇറക്കിവിട്ടു ആ ഒറ്റയാൻ. തമ്മിൽ വേർപിരിയുകയാണെന്നു ബോധ്യം വന്നപ്പോൾ രണ്ടുപേരുടെയും മനസ്സിൽ നൊമ്പരം ഉറവപൊട്ടി. ഇരുവരുടെയും കണ്ണുകൾ വീണ്ടും നിറഞ്ഞൊഴുകി. കണ്ണുകളിൽ നിന്നും കണ്ണുനീർ തുള്ളികൾ ധാരധാരയായി വാർന്നൊലിച്ചു. ആന മുട്ടുകാൽ

©CPECTVPM



കുത്തിനിന്ന് രാമുവിനെ തുമ്പിക്കൈയ്യിൽ പൊക്കിയെടുത്ത് കെട്ടിപ്പിടിച്ച് ചേർത്തു നിർത്തി. രാമു അവനെ ആലിംഗനം ചെയ്ത് നിൽക്കുന്ന ആനയുടെ നെറുകയിൽ തലോടി സ്നേഹ ചുംബനം നൽകിയ ശേഷം നിറകണ്ണുകളോടെ യാത്ര പറഞ്ഞു പിരിഞ്ഞു.

രാമു വീട്ടിൽ തിരിച്ചെത്തി. തന്റെ മാതാപിതാക്കൾ ആദ്യം ഒന്നു ഭയന്നു അവനെ കണ്ട പ്പോൾ, ഇത്രയും നാൾ കാണാതിരുന്നതിനാൽ അവർ കരുതി വന്യമൃഗങ്ങളോ മറ്റോ ഉപദ്ര വിച്ച് തങ്ങളുടെ മകൻ മരിച്ചു പോയെന്ന്.ആശ്ചര്യത്തോടെ രാമുവിനോട് അവർ കാര്യങ്ങൾ തിരക്കി. അവൻ നടന്ന കാര്യങ്ങൾ ഓരോന്നോരോന്നായി അവരോട് വിവരിച്ചു. മകൻ ചെയ്ത നന്മ ഓർത്ത ആ മാതാപിതാക്കൾക്ക് അഭിമാനം തോന്നി. രാമുവിനോട് അവർ പറ ഞ്ഞു. “നിന്നെ കാണാത്തതിനാൽ എവിടെ എല്ലാം ഞങ്ങൾ തിരഞ്ഞു നടന്നു എന്നറിയുമോ പൊന്നുമോനേ.” നിന്റെ ഒരു സൂചന പോലും കിട്ടാതായപ്പോൾ ഞങ്ങളെല്ലാം കരുതി ആന ചവിട്ടിയോ മറ്റേതെങ്കിലും മൃഗങ്ങൾ ഇരയാക്കുകയോ ചെയ്തിട്ടുണ്ടാവുമെന്ന്. ഞങ്ങൾ നിന്നെ കാണാതെ ഇത്രയും ദിവസം തീ തിന്നു ജീവിക്കുകയായിരുന്നു.നിനക്ക് വേണ്ടി ഞങ്ങൾ ഇവിടെ ബലി തർപ്പണം വരെ നടത്തി. അപ്പോഴും ഒരേ പ്രാർത്ഥനയായിരുന്നു ഞങ്ങൾക്ക്. ഞങ്ങളുടെ പൊന്നുമോൻ എന്നെങ്കിലുംതിരിച്ചു വരണമേ എന്ന്. അവർ ആ സംഭവം പറഞ്ഞ് ഒരുപാട് കരഞ്ഞു. പിന്നീട് അതിനുശേഷം രാമുവിനെ ഈറയും മരുന്നു കളും ശേഖരിക്കുവാനായി കാട്ടിലേക്ക് പറഞ്ഞയയ്ക്കാൻ ഭയമായിരുന്നു. അവനെ അവർ പട്ടണത്തിൽ കൊണ്ടുപോയി ഒരു ജോലി ശരിയാക്കി കൊടുത്തു. അങ്ങനെ രാമു കാലങ്ങ ളോളം പട്ടണത്തിൽ തന്നെ താമസിക്കുകയും തന്റെ ജോലിയിൽ ശ്രദ്ധിച്ച് ജോലി ചെയ്ത് സമ്പാദിക്കുകയും ചെയ്തു.

ഏതാനും കുറച്ച് വർഷങ്ങൾക്ക് ശേഷം രാമു സമീപത്തെ ക്ഷേത്രത്തിൽ ഉത്സവത്തിന് പോ യി. ഉത്സവാഘോഷങ്ങളിൽ മുഴുകി വർണ്ണക്കാഴ്ചകളും വാദ്യമേളങ്ങളും ആസ്വദിച്ച് നിൽക്കവേ പെട്ടെന്ന് ജനങ്ങളെല്ലാം “ആന ഇടഞ്ഞേ ആന ഇടഞ്ഞേ എന്ന് വിളിച്ച് കൂവി ക്കൊണ്ട് ചിതറി ഓടാൻ തുടങ്ങി. ആ കൂട്ടത്തിൽ ജീവരക്ഷാർത്ഥം രാമുവും ഓട്ടം ആരംഭി ച്ചു. പക്ഷെ മദം പൊട്ടിയ ആന മറ്റാരുടെയും പിന്നാലെ ഓടാതെ രാമുവിനെ തന്നെ പിൻതു ടർന്നു. ഒടുവിൽ ഒരു മതിലിനോട് ചേർന്ന് രാമുവിന്റെ ഓട്ടം തടസ്സപ്പെട്ടു. അവന് ചാടിക്കട ക്കുവാൻ കഴിയാത്തതായിരുന്നു ആ മതിൽ. നിമിഷങ്ങൾക്കകം നിസ്സഹായനായി ഭയന്നു വിറച്ച് നിന്ന അവന്റെ അരികിലെത്തി ആന. കണ്ടു നിന്നിരുന്ന ജനങ്ങളെല്ലാം കരുതി രാമു വിനെ ആന ചവിട്ടി കൊലപ്പെടുത്തുമെന്ന്. മദം പൊട്ടി നിൽക്കുന്ന ആനയെ കണ്ട് തൊഴുകൈയോടെ മതിലിൽ ചാരി നിൽക്കുന്നു രാമു. ആന പെട്ടെന്ന് തന്നെ രാമുവിന്റെ മുൻപിൽ മുട്ടുകുത്തി നിന്നു തുമ്പിക്കൈകളുയർത്തി ചിന്നം വിളിക്കുവാനും ആംഗ്യങ്ങൾ കാണിക്കുവാനും തുടങ്ങി. ആനയുടെ പാ പ്പാൻ ആനയെ തളയ്ക്കുവാനായി അടുത്തെത്തി യപ്പോൾ പാപ്പാന്റെ നേർക്ക് കാലുയർത്തിയും തുമ്പിക്കൈ വീശിയും ആക്രമണ പ്രവണത കാണിച്ചു.പാ പ്പാനെ വിരട്ടി മാറ്റി നിർത്തി വീണ്ടും രാമുവിന്റെ മുൻപിൽ മുട്ടുകുത്തി നിന്ന് ആന ചിന്നം വിളിച്ചു. എന്നിട്ട് തന്റെ തുമ്പിക്കൈകൾ കൊണ്ട് രാമുവിനെ ചേർത്ത് അടുപ്പിച്ച് നിർത്തി. അൽപനേരം ആന അനങ്ങാതെ നിന്നു. രാമു ആനയുടെ കണ്ണുകളിൽ സൂക്ഷിച്ച് നോക്കിയപ്പോൾ കണ്ണുകൾ നിറഞ്ഞതും കണ്ണുനീർ തുള്ളികൾ നിറഞ്ഞൊഴുകുന്നതായും കണ്ടു. അപ്പോൾ രാമുവിന്റെ മനസ്സിൽ ഓർമ്മ വന്നു. “ദൈവമേ ഒരിക്കൽ കാട്ടിൽ വച്ച് മുറിവ് വന്ന് പഴുത്ത കാലുകളുമായി നിന്നപ്പോൾ ഞാൻ രക്ഷപ്പെടുത്തിയ ആനയല്ലേ ഇത് എന്ന്” പിന്നെ ഒരു നിമിഷം പോലും വൈകാതെ ആനയുടെ തുമ്പിക്കൈയ്യിൽ കെട്ടിപിടിച്ച്

ഉമ്മ വച്ച് കരഞ്ഞ് കൊണ്ടിരുന്നു. ഇത് കണ്ട് അവിടെ കൂടിനിന്നിരുന്ന ജനങ്ങളെല്ലാം ആശ്ചര്യഭരിതരായി അത്ഭുതത്തോടെ നോക്കി നിന്നു. ഇതെന്താണിവിടെ സംഭവിക്കുന്നതെന്ന് അറിയാതെ എല്ലാവരും കോരിത്തരിച്ചു നിന്നു. ആ സമയം പോലീസ് ആനയെ മയക്ക് വെടി വയ്ക്കുവാൻ തുനിഞ്ഞു. ആ സമയം രാമു വിളിച്ചു പറഞ്ഞു. "ഇവനെ ആരുമൊന്നും ചെയ്യരുതേ" ഇവൻ ഉപദ്രവകാരിയല്ലഎന്നെ കണ്ടതുകൊണ്ടാണ് ഇവൻ വെപ്രാളപ്പെട്ട് ഓടി വന്നത്. ആരും ഭയപ്പെടേണ്ട കാര്യമില്ലെന്നും, രാമു വിളിച്ചു പറഞ്ഞു അവർ രാമുവിനോട് കാര്യം തിരക്കി. പിന്നീട് നടന്ന കാര്യങ്ങളെല്ലാം അവൻ വിശദീകരിച്ചു. കേട്ടു നിന്നവരെല്ലാം പ്രത്യേകിച്ച് പോലീസിനും ആനയുടെ ഉടമസ്ഥനും അത്ഭുതം തോന്നി. ഇത്രയും കാലം കഴിഞ്ഞ ശേഷവും ഇത്രയും തിരക്കുള്ള ആൾക്കൂട്ടത്തിൽ നിന്നും തന്റെ രക്ഷകനും സഹായിയുമായിരുന്ന രാമുവിനെ ആന കണ്ടെത്തി തിരിച്ചറിഞ്ഞത് എല്ലാവരെയും അമ്പരപ്പിക്കുകയും ചിലരിൽ രോമാഞ്ചം ഉണ്ടാക്കുകയും ചെയ്തു. "രാമു അവരോട് കാര്യങ്ങൾ അന്വേഷിച്ചു. "ഈ ആനയെ നിങ്ങൾക്ക് എവിടെ നിന്നും കിട്ടിയെന്ന് ഉടമസ്ഥന്റെയും ആനയുടെ പാപ്പാന്റെയും നേർക്ക് അവൻ ചോദ്യം ഉന്നയിച്ചു. ആ കൂട്ടത്തിൽ ഒരാൾ രാമുവിനോട് വിളിച്ച് പറഞ്ഞു. ആനമലയുടെ അടിവാരത്തിലെ ഗ്രാമത്തിൽ ഇടയ്ക്കിടെ ഒരു ഒറ്റയാൻ ഇറങ്ങുക പതിവായിരുന്നു അത് കാരണം അവിടങ്ങളിലെ ജനങ്ങൾക്ക് വെളിയിൽ ഇറങ്ങുവാൻ പോലും ഭയമായിരുന്നു. പലരും മുഖാമുഖം കാണുകയും അത്ഭുതകരമായി രക്ഷപ്പെടുകയും ചെയ്തിട്ടുണ്ട്. അങ്ങനെ അവർ ഫോറസ്റ്റ് ഓഫീസിൽ വിവരം അറിയിച്ചു.

അവർ അതിനാൽ ആനയെ കെണിയിൽ വീഴ്ത്തുവാനായി വാരിക്കുഴി നിർമ്മിച്ചു. അതിൽ വീണതായിരുന്നു ഈ ആന. അതിനെ പിന്നീട് ഫോറസ്റ്റുകാർ ആനക്കൊട്ടിലിൽ കൊണ്ടുപോകുകയും മെരുക്കി എടുക്കുകയും ചെയ്തു ആ ഒറ്റയാനാണ് ഈ ആന. ആനയെ വാങ്ങിയ ഉടമസ്ഥനും പാപ്പാനും ഒരുപാട് പരിശ്രമിച്ച് വിളിച്ചിട്ടും കൂടെ പോകാതെ രാമുവിന്റെ അടുക്കൽ ചേർന്ന് നിൽക്കുന്ന ആനയുടെ സ്നേഹം കണ്ട് അവിടെ കൂടി നിന്നിരുന്ന ജനങ്ങളുടേയും, പോലീസുകാരുടേയും സമ്മതത്തോടെ ആനയെ അതിന്റെ മുതലാളി രാമുവിനെ ഏൽപിച്ച് സന്തോഷത്തോടെ മടങ്ങി.

ഗുണപാഠം "സഹായിച്ചവരേ നാം മറന്നാലും സഹായം ലഭിച്ചവർ നമ്മെ മറക്കില്ല"



©CPSCHTVPM



സാജു
C.No.2621

# കവിത

©CP&CH TVPM



മധ്യവേനൽ അവധിയിൽ വീട്ടിൽ നിന്നനേരം
മാവിൻ കൊമ്പത്ത് ഊഞ്ഞാല് കെട്ടിയ നേരം
മാവിൽ നിന്ന് ഞാൻ വീണ നേരം
മാവിന്റെ ചുവട്ടിൽ ഇരുന്നു കരഞ്ഞനേരം
മാവിൽനിന്ന് മാമ്പഴം വീണനേരം
മാമ്പഴം ഞാൻ എടുത്തു രുചിച്ച നേരം
മാമ്പഴച്ചാറ് തുണിയിൽ പറ്റിയനേരം
മാവിൻ ചുള്ളിയെടുത്ത് അമ്മ വന്നനേരം
മാവിന്റെ ചുറ്റിലും ഓടിയ നേരം
മാവിൻ ചോട്ടിൽ അമ്മ തളർന്ന് ഇരുന്നനേരം
മാമ്പഴം അമ്മയുടെ അടുത്തു വീണ നേരം
മാമ്പഴം അമ്മയെടുത്തു പോയ നേരം
മാമ്പഴം വിറ്റു സമ്പത്ത് നേടിയ നേരം
മധ്യവേനൽ അവധി കഴിഞ്ഞ നേരം
മാവ് മുറിച്ച നേരം
മാമ്പഴം തന്ന സമ്പത്ത് മറന്ന നേരം
മരിക്കയോളം മറക്കില്ല ആ മാവിനെ...



രതീഷ് ആർ.പി.
(അസിസ്റ്റന്റ് സൂപ്രണ്ട്)



# തൃപ്തൻ

പുരാതന കാലം, ജയിൽ ജീവിതം നരകമായിരുന്ന കാലം. ഒരു തടവുകാരൻ അനേക മാസങ്ങളായി തടവിൽ കിടക്കുകയായിരുന്നു. എന്നും ക്രൂരമായ മർദ്ദനം സഹിച്ചു കൊണ്ടായിരുന്നു ജീവിതം. ഒരു നേരം മാത്രം ഭക്ഷണം, അതോ കുറച്ച് സൂപ്പ് മാത്രം. ഉരുളക്കിഴങ്ങും ഏതാനും പച്ചക്കറികളും അതിൽ അൽപ്പം ഇറച്ചിയും ചേർത്ത സൂപ്പ് (ഇറച്ചി ചേർത്തിട്ടുണ്ട് എന്നത് സങ്കൽപ്പം മാത്രം). വല്ലപ്പോഴും ഏതാനും എല്ലിൻകഷണങ്ങൾ മാത്രമേ അയാൾക്ക് കിട്ടിയിരുന്നുള്ളൂ. ദിവസം മുഴുവൻ വിശപ്പ്. വയറ്റിൽ തീ കത്തുംപോലെ. ഒരു ഇറച്ചി കഷ്ണം സൂപ്പിൽ കിടന്ന് കിട്ടിയിരുന്നെങ്കിൽ! അയാൾ എന്നും സൂപ്പിൽ കയ്യിട്ട് തിരഞ്ഞ് നിരാശനാകുമായിരുന്നു. അങ്ങനെ വിശന്ന് പൊരിഞ്ഞ് തളർന്നിരുന്ന ഒരു നാൾ അയാൾക്ക് ഒരു പൊട്ടപാത്രത്തിൽ അന്നത്തെ സൂപ്പ് കിട്ടി. ആർത്തിയോടെ ആ സൂപ്പ് കുടിക്കുന്ന സമയം അതിൽ നിന്നും എങ്ങനെയോ വന്നു പെട്ട ഒരു നല്ല ഇറച്ചി കഷ്ണം. ഒരു ഇറച്ചി കഷണംഹായ് ! വെണ്ണ നെയ്യു പോലെ വെന്ത സ്വാദുള്ള നല്ല ഇറച്ചി. അയാൾ കണ്ണടച്ചു. ഇറച്ചി വായിലിട്ട് ചവച്ചരയ്ക്കുമ്പോൾ അയാൾക്ക് വളരെ സന്തോഷം തോന്നി. ആഹ്ളാദം ഉള്ളിൽ നിറഞ്ഞു കവിഞ്ഞു. താൻ എത്ര ഭാഗ്യവാൻ, ജീവിതത്തിലെ ഏറ്റവും വലിയ സുഖം തനിക്ക് ലഭിച്ചിരിക്കുന്നു. ജീവിതം എത്ര സുന്ദരം അതായിരുന്നു ആ നിമിഷം ആ തടവുകാരന്റെ മനസ്സിലെ വിചാരം.

ജീവിതത്തിലെ ചെറിയ കാര്യങ്ങൾ ആസ്വദിക്കുക.

©CP&CH TVPM





# ഓർമ്മയുടെ താരാട്ട

## കവിത

**മനോജ്.കെ.ആർ**
ഡെപ്യൂട്ടി പ്രിസൺ ഓഫീസർ

©CPOCHTVPM

ഇരവടുത്തിനിയിമയൊന്നടയ്ക്കട്ടെ
കരളിലൊളിയുന്ന ചിന്തകൾ നെഞ്ചേറ്റി-
മനമിന്നും തെരുവിലലയുന്നു.
ആദിത്യനൊത്തനുസ്യൂതം നടക്കാം

അച്ഛനെക്കാണാം, അമ്മയെന്നെ
മുലയൂട്ടുന്ന കാണാം,
കാടു കയറാം, കടലു നീന്താം,
കാറ്റിലൊഴുകുന്ന പട്ടമായ് തീരാം

കംപ്യൂട്ടറാകാം, കണക്കു തിന്നാം
കെണിയിലകപ്പെട്ട കുറുക്കനാകാം
കുചേലനായിടും, കുബേരനായിടും
ചിലപ്പോൾ ഒരു നായ ചിരിക്കുന്ന പോലെ

ചില്ലിട്ട ചായങ്ങളാകുന്നു,
പുല്ലാകുന്നു. പൂവാകുന്നു-
അവയെ പുൽകുന്ന പുഴുവായെൻ ചിന്തകൾ-
പശുവായ് തൊഴുത്തിൽ,പരലായ് കുളത്തിൽ

എല്ലാം വല്ലാത്ത ദ്രുതചലനങ്ങൾ.
തിരക്കിലാണിന്നു ഞാൻ ചെരുപ്പുകുത്തി-
തിരഞ്ഞാലറിയാത്ത മേൽവിലാസം
ശാസ്ത്രം വരയ്ക്കുന്ന നാരായം ഞാൻ-

ശാസനം സഹികെട്ട തേരാളി
അലയുന്ന ചിന്തകൾക്കിടയിൽ
ദയ കരിയുന്ന മണമേൽക്കാം
അട്ടഹാസംമുഴക്കുന്നശ്ലോകങ്ങൾ കേൾക്കാം-

പ്രിയ പെണ്ണിന്റെ കാമകൗതുകം കാണാം
പ്രേതങ്ങൾ പ്രണയിക്കും സന്ധ്യകൾ കാണാം
കണ്ണുനീർ വറ്റിയ കാർമേഘങ്ങൾ
എങ്ങും രക്തം വാർക്കുന്ന ഗംഗാപ്രവാഹം

ചളിവെള്ളത്തിൽ മുഖം കഴുകുന്നു
ഇനി ഞാൻ ചെരിഞ്ഞുറങ്ങാം
ശരിക്കും കേൾക്കാമെൻ ഹൃ,ദയത്തിൻ കിന്നാരം
കിതച്ചും കൊതിച്ചും ഒരു കുഞ്ഞു പാടുന്ന പോലെ

ഭീതിയുണ്ടെങ്കിലും ആശയായ്-
ആ കാലപാശത്തിലൊന്നു തൊടുവാൻ
കഥകൾ പറയുന്ന കാലൻ,
കൈകൊട്ടി പാടുന്ന കാലൻ
എല്ലാം കുമാരൻമാർ എൻ പാതാള-
സാമ്രാജ്യ പോരാളികൾ

പണം വേണ്ടവർക്കിന്നു പൊന്നു വേണ്ട
എല്ലാം പൊരുത്തങ്ങൾ മാത്രം
ചിന്തകൾ നീണ്ടോരു നൂറു കോടി-
മൗന ചിന്താ ഗൃഹത്തിലെ ചങ്ങാതിമാർ
ഓർത്തെടുക്കുമ്പോൾ ഓരോ മുഖവും-
ഓടി മറയുന്നു ഓരോ ദിശയിലും

എല്ലാം സഹിക്കുന്ന കാലമേ
ഇരവുപകലെണ്ണാനെനിക്കിനി എത്ര കാലം?
ഒടുവിലെന്നോർമകൾ ഓരോ താരാട്ടു പാടുന്നു
ഇനി ഉറങ്ങു നീ ഇനി ഉറങ്ങൂ...





# കഥ

## സ്ത്രീകളും സ്നേഹവും കുടുംബവും

**പ്രദീപ് ബോറ**
C.No. 5683

ഇന്ത്യയിലെ ഒരു സംസ്ഥാനമാണ് കേരളം. കേരളത്തെപ്പറ്റി പറയുമ്പോൾ കുന്നുകളും സമതലപ്രദേശങ്ങളും, അരുവികളും, പുഴകളും, കായലുകളും കൂടാതെ പട്ടണങ്ങളും നിറഞ്ഞതാണ്. കേരളത്തിൽ വർഷങ്ങൾക്ക് മുൻപ് രാജാക്കൻമാരുടെ കാലത്ത് മിക്കതും കൂട്ടുകുടുംബമായിരുന്നു. കുടുംബമെന്നാൽ ഒരച്ഛനും അമ്മയ്ക്കും ഉണ്ടാകുന്ന മക്കൾ, അവരുടെ മക്കൾ അങ്ങനെ മൂന്നാല് തലമുറ മക്കൾ ഒത്തുചേർന്നതാണ് കൂട്ടുകുടുംബം. ആ കാലത്ത് പത്തു പതിനഞ്ച് അംഗങ്ങൾ കൂട്ടുകുടുംബത്തിൽ ഉണ്ടായിരുന്നെങ്കിലും പൊതുവേ വിദ്യാഭ്യാസം കുറഞ്ഞവരായിരുന്നു കൂടുതലും. ആയതുകൊണ്ട് കുടുംബത്തിൽ ഉള്ളവരിൽ മിക്ക ആണുങ്ങളും കൃഷിപ്പണിയിലാണ് കൂടുതലും താല്പര്യം ചെലുത്തിയിരുന്നത്. കൃഷി ചെയ്തു കിട്ടുന്ന ഭക്ഷ്യവസ്തുക്കൾ കൂടുതലായും ഉപജീവനത്തിനായി ഉപയോഗിക്കുന്നു. അങ്ങനെ കൂട്ടുകുടുംബത്തിൽ പത്തും പതിനഞ്ചും അംഗങ്ങൾ ഉണ്ടെങ്കിലും അവരിൽ പ്രായമായവരെ ഭയത്തോടും ബഹുമാനത്തോടും കൂടിയാണ് കൂട്ടുകുടുംബത്തിലുള്ള മറ്റു അംഗങ്ങൾ കണ്ടിരുന്നത്. അതുപോലെ സ്ത്രീകൾ വളരെ ഭക്തിയോടും, നല്ല അച്ചടക്കത്തോടും കൂടിയാണ് കഴിഞ്ഞു വന്നിരുന്നത്. കൂട്ടുകുടുംബത്തിലെ പുരുഷൻമാർ സ്ത്രീകളെ ജോലിക്കോ മറ്റ് ആവശ്യങ്ങൾക്കോ വീട്ടിൽ നിന്നും പുറത്ത് വിടില്ല. കുടുംബനാഥയായ സ്ത്രീകൾ കുട്ടികളെയും, മാതാപിതാക്കളെയും സ്നേഹത്തോടെ നോക്കുകയും, വീട്ടുകാര്യങ്ങൾ കൃത്യമായി ചെയ്യുകയും ചെയ്യുമായിരുന്നു. കൂട്ടുകുടുംബത്തിലെ സ്ത്രീകൾ എല്ലാവരും ഒത്തുചേർന്നാണ് വീട്ടുജോലി ചെയ്യുന്നത്. ആ കാലത്ത് വിശേഷദിവസം വന്നാൽ ബന്ധുമിത്രാദികൾ എല്ലാം ഒരു കുടുംബത്തിൽ ഒത്തുചേരുന്നതും പതിവായിരുന്നു. എന്നാൽ കാലങ്ങൾ കഴിഞ്ഞപ്പോൾ കേരളത്തിൽ രാജഭരണം ഇല്ലാതായി. പകരം ജനാധിപത്യം വന്നു. അപ്പോഴേക്കും കൂട്ടുകുടുംബം തന്നെ ഇല്ലാതായി. നിത്യവൃത്തിക്കുവേണ്ടി ചെയ്ത കൃഷിരീതി മാറി. എന്നു തന്നെ അല്ല കൃഷിതന്നെ ഇല്ലാതായി. കൂട്ടുകുടുംബം ഇല്ലാതായതോടെ പ്രായമായവരോടുള്ള ബഹുമാനം മറ്റുള്ളവരിൽ കുറഞ്ഞുതുടങ്ങി. സ്ത്രീകൾ പണം കിട്ടുന്ന മറ്റ് ജോലികൾ ചെയ്യാൻ തുടങ്ങിയപ്പോൾ, കേരളത്തിലെ സാധാരണ വീടുകളുടെ സ്വഭാവം മാറി. സ്ത്രീകൾ ഭരണതലത്തിലും, പാശ്ചാത്യനാടുകളിലും ജോലി ചെയ്യാൻ തുടങ്ങിയപ്പോൾ ഗ്രാമപ്രദേശങ്ങളിലെ ഓലമേഞ്ഞ വീടുകളും, ഓടിട്ട വീടുകളും വാർത്ത വീടുകളായി മാറി. ഒറ്റനില കെട്ടിടം മുതൽ ഫ്ളാറ്റുകൾ വരെയായി മാറി. പക്ഷേ കൂട്ടുകുടുംബത്തിലുണ്ടായിരുന്ന സ്നേഹവും, സന്തോഷവും തീർത്തും ഇല്ലാതായി. പ്രായമായവരേയും, കൊച്ചുകുട്ടികളേയും സ്നേഹത്തോടെ നോക്കേണ്ട സ്ത്രീകൾ പണം സമ്പാദിക്കാനായി തുടങ്ങിയപ്പോൾ പ്രായമായവരെ താമസിപ്പിക്കുന്ന വൃദ്ധസദനങ്ങൾ, കുട്ടികൾക്ക് താമസിക്കാൻ വേണ്ടിയുള്ള കോൺവെന്റുകൾ കേരളത്തിൽ നിറഞ്ഞു. പക്ഷേ ഇതെല്ലാം സ്ത്രീകളുടെ കുറ്റമല്ല. കാലത്തിന് അനുസരിച്ചുള്ള മാറ്റമാണ് എന്നുമാത്രം.

*(കുറിപ്പ് :- അസ്സം സ്വദേശിയാണ് ലേഖകൻ, ജയിലിൽ വച്ച് മലയാളം എഴുതാനും വായിക്കാനും പഠിച്ച് തയ്യാറാക്കിയതാണ് ഈ ലേഖനം. ഈ ലേഖനത്തിലെ ചിന്തകളും പരമാർശങ്ങളും ലേഖകന്റെ മാത്രം അഭിപ്രായമാണ്.)*

© CPECH TVPM



മറുവശത്ത് ഒരു സ്ത്രീ തന്നെയാണ് എന്നു ഞാൻ ഉറപ്പിച്ചു. "അപ്പോഴേക്കും അമ്മ വിളിച്ചു ചോദിച്ചു. ആരാ മോനേ അത്. ഞാൻ ഉറക്കെ പറഞ്ഞു എന്റെ കൂട്ടുകാരനാ അമ്മേ. അപ്പോഴേക്കും റിസീവറിന കത്തു നിന്നും ചെറിയ ശബ്ദത്തിൽ "അമ്മേ കൂട്ടുകാ രനല്ല, കൂട്ടുകാരിയാ! ഞാൻ തിരിച്ച് ചോദിച്ചു എടോ തന്റെ പേര് എന്താ, പേരില്ല എന്ന് മറുപടി. അപ്പോൾ ഞാൻ പറഞ്ഞു തന്റെ നമ്പർതാ ഞാൻ തിരിച്ച് വിളി ക്കാം. അപ്പോൾ അവൾ പറഞ്ഞു എന്നെ അറിയാ വുന്ന ആളല്ലേ, അപ്പോൾ നമ്പറും അറിയാമായിരിക്കു മല്ലോ. അപ്പോഴേക്കും അയ്യോ അമ്മ എന്ന ശബ്ദ ത്തോടെ ഫോൺ കട്ടായി. ഞാൻ പിന്നെ സ്കൂളി ലേക്ക് പോകാനുള്ള തയ്യാറെടുപ്പിലായിരുന്നു. അതി നിടെ അമ്പലക്കുളത്തിൽ പോ യി ഒന്നു കുളിച്ചു. കുള ത്തിൽനിറയെ ആമ്പൽ നിറഞ്ഞിരിക്കുന്നു. സൂര്യൻ ഉദിച്ചു വരുമ്പോൾ ആമ്പൽപ്പൂവും വിടർന്ന് വരുന്നത് നല്ലൊരു കാഴ്ചയാണ്. കുളത്തിലെ തീലോപ്യമീനു കൾ കൂട്ടം കൂട്ടമായി വന്ന് വെള്ളത്തിന് മുകളിൽ ചുണ്ടനക്കി നിൽക്കുന്നു. അമ്പലക്കുളത്തിൽ എണ്ണതേ ച്ചുള്ള കുളി അനുവദിക്കില്ല. ഞാൻ പി ന്നീട് വീട്ടിൽ വന്നശേഷം ഭക്ഷണം കഴിച്ച് സ്കൂളിലേക്ക് പോകാ നായി ബസ്റ്റോപ്പിലെത്തി അവിടെ നിന്നും അരമണി ക്കൂർ യാത്രയിൽ സ്കൂളിൽ എത്തി. ഇന്നത്തെ ദിവ സം വലിയ മൂഡൊന്നും തോന്നിയില്ല. ആദ്യത്തെ രണ്ട് ക്ലാസുകൾ കഴിഞ്ഞു ഇനി ഇന്റർവെൽ ടൈം ആണ്. ഞാൻ എന്റെ ഏറ്റവും അടുത്ത കൂട്ടുകാരനോട് പറഞ്ഞു അടുത്ത ക്ലാസ് കണക്കിന്റേതാണ് എനിക്ക് ഒന്നും അറിയില്ല ഹോം വർക്ക് ചെയ്തിട്ടില്ല ഞാൻ ക്ലാസിലിരിക്കുന്നില്ല നീ എന്റെ ബാഗ് ഒന്ന് നോക്കി ക്കൊള്ളണം, ആരും കാണാത്ത തരത്തിൽ വെക്കണം ഞാൻ ഉച്ച കഴിഞ്ഞ് 3.30ന് പുറത്ത് ഉണ്ടാകും. അവൻ പറഞ്ഞു ഞാനും വരുന്നു. ഞാൻ പറഞ്ഞു നമ്മൾ രണ്ട് പേരും പോയാൽ പിടിക്കപ്പെടും ഉറപ്പാണ് നമ്മുടെ ഒന്ന് രണ്ട് സുഹൃത്തുക്കളോട് നീ രഹസ്യ ത്തിൽ കാര്യം പറഞ്ഞേക്കണം. ഒരുവിധത്തിൽ ആരും കാണാതെ സംശയം തോന്നാത്ത തരത്തിൽ ഞാൻ അടുത്തുള്ള ബസ്റ്റോപ്പിൽ എത്തി. അവിടെ ചെറിയ ഒന്ന് രണ്ട് കടകൾ ഉണ്ട്. ഞാൻ അതിൽ ഒന്നിൽ പോയി രണ്ട് ചൂയിംഗം വാങ്ങി കൂട്ടത്തിൽ 2 ബ്യൂമറും ഇത് രണ്ടും കൂടി നന്നായി വായിലിട്ട് ചവ ച്ചാൽ നല്ല മധുരവും ബലൂൺ പോലെ വീർപ്പിക്കാനു മാകും. ഞാൻ വാങ്ങിയതിന്റെ പൈസ കൊടുത്ത് തിരികെ ബസ്റ്റോപ്പിൽ എത്തി അവിടെ വേറൊരാളും ബസ് കാത്ത് നിൽപ്പുണ്ടായിരുന്നു. ഞാൻ വാങ്ങിയ ച്യൂയിംഗം വായിലിട്ട് ചവക്കാൻ തുടങ്ങി. എടക്ക് ഓരോ കുമിളയായി പൊട്ടിച്ച് നോക്കും അൽപ്പസ മയം കഴിഞ്ഞതും ബസ് എത്തി ഞാൻ അതിൽ കയറി ടിക്കറ്റ് എടുത്തു. ഇരിക്കാൻ സീറ്റ് ഇല്ലായിരുന്നു എല്ലാത്തിലും ആൾ ഉണ്ട് പോരാത്തതിന് 4 പേർ നിൽക്കുന്നുമുണ്ട്. ഞാൻ മധ്യഭാഗത്തായി മുകളി ലത്തെ കമ്പിയിൽ പിടിച്ച് നിൽക്കുകയായിരുന്നു. ബസ് അടുത്ത സ്റ്റോപ്പ് എത്തിയപ്പോൾ അവിടെ മൂന്ന് പേര് ഇറങ്ങി. ബസ് ഓടിക്കൊണ്ടേയിരുന്നു ഞാൻ ചവച്ചുകൊണ്ടിരുന്ന ചൂയിംഗത്തിന്റെ മാധുര്യം ഇല്ലാ തായി ബാക്കിയുള്ള പശപോലിരിക്കുന്ന ഭാഗം എവി ടെയെങ്കിലും കളയണം എന്ന് ഓർത്ത് നിൽക്കു മ്പോൾ ബസ് ഒരു സ്റ്റോപ്പിൽ നിർത്തി. നല്ല തിരക്ക് റോഡ് സൈഡിൽ ഒരു കല്ല്യാണ മണ്ഡപം ഉണ്ട്, അതിൽ ആരുടെയോ കല്യാണം നടക്കുന്നുണ്ട്. അവിടെ നിന്ന് എത്തിയ ജനക്കൂട്ടമാണ്. ബസ് നിർത്തിയതും ബസിലേക്ക് ആളുകൾ തിക്കിത്തിരക്കി കയറിക്കൊണ്ടിരുന്നു രണ്ട് സൈഡിൽ നിന്നും ആളു കൾ കയറിയപ്പോൾ ഞാൻ മധ്യഭാഗത്തായി. ബസ് സ്റ്റോപ്പിൽ നിന്നും നീങ്ങിത്തുടങ്ങി. ആളുകൾക്ക് പര സ്പരം മുട്ടാതെ നിൽക്കാനാകാത്ത അവസ്ഥയാണ് ഉണ്ടായിരുന്നത്. ഞാൻ കുറെ സമയമായി വായിലിട്ട് ചവച്ചുകൊണ്ടിരുന്ന ചൂയിംഗം എവിടെ എങ്കിലും കള യണം എന്നു വിചാരിക്കുന്നു. ബസിൽ നല്ല തിരക്കാ യതിനാൽ, ചൂയിംഗം പുറത്തേക്ക് കളയാൻ പറ്റാത്ത സ്ഥിതിയായി. ഞാൻ ച്യൂയിംഗം വായിൽ നിന്നെ ടുത്തു എന്നിട്ട് ആരും കാണാതെ മുകളിൽ പിടിച്ചു നിൽക്കുന്ന കമ്പിയിൽ മുകൾ ഭാഗത്തായി ഒട്ടിച്ചു. വളരെ പണിപ്പെട്ടാണ് ഞാൻ അത് കമ്പിയുടെ മുക ളിൽ ഒട്ടിച്ചത്. കുറച്ചു സമയം കഴിഞ്ഞതും ഒരു ഹോസ്പിറ്റലുള്ള സ്റ്റോപ്പിൽ എത്തി ബസ് നിർത്തി. അതിൽ ഉണ്ടായിരുന്ന മിക്ക ആളുകളും ഇറങ്ങി. എനിക്ക് ഇരിക്കാൻ സീറ്റ് ഉണ്ടായിരുന്നു. ഞാൻ ഇറ ങ്ങേണ്ട സ്ഥലം ആകാറായതിനാൽ ഞാൻ ഇരുന്നില്ല. അതേ സ്റ്റോപ്പിൽ നിന്നും ഒരു സ്ത്രീ ഒരു കുട്ടിയേയും എടുത്തുകൊണ്ട് ബസിൽ കയറി. ഞാൻ നിന്നിരുന്ന





# ച്യൂയിംഗം

## കഥ

**അനീഷ്.വി.എസ്**
C.No.2030

©CPK&CTVPM


**ഞെ**ട്ടിയാണ് ഞാൻ കണ്ണുതുറക്കുന്നത്. അടുത്തുള്ള ദേവീ ക്ഷേത്രത്തിൽ ആരോ വെടി വഴിപാട് കഴിപ്പിച്ചതാണ്. ക്ഷേത്രത്തിൽ നിന്നും വരുന്ന പാട്ട് ചെറുതായി കേൾക്കാം. പു തപ്പ് എന്റെ മേലേനിന്ന് മാറ്റി ഞാൻ കട്ടിലിൽ എഴുന്നേറ്റിരുന്നു. ജനലിലൂടെ ഞാൻ കിഴക്കോട്ട് നോക്കി, സൂര്യൻ ചെറുതായി മന്ദഹസിക്കുന്നു. ആ പ്രകാശത്തിന്റെ കിരണങ്ങൾ ജനലിനു മുന്നിൽ വെച്ചിരിക്കുന്ന ആന്തൂറിയത്തിന്റെ പൂവിന്റെ അറ്റത്ത് വീഴാറായി നിൽക്കുന്ന മഞ്ഞുതുള്ളിക്കുള്ളിൽ പ്രവേശിച്ചപ്പോൾ അതിന് വജ്റത്തേക്കാൾ തിളക്കമുണ്ട് എന്ന് എനിക്ക് തോന്നി. അപ്പോഴാണ് അമ്മയുടെ വിളി, ഒപ്പം വാതിലിൽ തട്ടുന്ന ശബ്ദവും ഒരുമിച്ചായിരുന്നു. ഞാൻ പെട്ടെന്ന് കൈയ്യിൽ കിട്ടിയ ഒരു പുസ്തകം മേശപ്പുറത്ത് തുറന്ന് വെച്ചു. എന്നിട്ട് കണ്ണാടിയിൽ നോക്കി മുടി പെട്ടെന്ന് നേരെയാക്കി വെച്ചു. എന്നിട്ട് വാതിൽ തുറന്നു. അമ്മ ചായയുമായി നിൽക്കുന്നു 'മുറിക്കുള്ളിലേക്ക് നോക്കി അമ്മ പറഞ്ഞു - നീ പഠിക്കുകയായിരുന്നോ ഞാൻ വിചാരിച്ചു നീ - എഴുന്നേറ്റിട്ടില്ലായിരിക്കും എന്ന്. അമ്മ ചായ മേശപ്പുറത്ത് വെച്ച്. തിരിച്ചുപോയി. ഞാൻ ചായ കൈയ്യിലെടുത്ത് കട്ടിലിൽ ഇരുന്നു സമയം നോക്കി, രാവിലെ 6.40 ചായ നല്ല ചൂടുണ്ടായിരുന്നു ഞാൻ അൽപ്പം രുചിച്ചു അതിനുശേഷം മുഖം കഴുകി തിരികെ വന്ന് മുഖം തുടയ്ക്കുന്നതിനിടയിൽ ഞാൻ ജനലിലൂടെ പുറത്തേക്ക് നോക്കി. കണ്ണെത്താദൂരം വ്യാപിച്ചു കിടക്കുന്ന വയൽ, അതിൽ ആകെയുള്ളത് ഒരു ക്ഷേത്രവും അതിനു കുറച്ച് മുന്നിലായി ഒരു ആൽമരവും പിന്നെ വിശാലമായ ഒരു കുളവും. അതിന് പടവുകൾ നാലുസൈഡിൽ നിന്നും കെട്ടിയിട്ടുണ്ട്. അതിന്റെ സമീപത്തു തന്നെ വയലിന്റെ നടുവിലൂടെ കടന്നുപോകുന്ന വൈദ്യുത ലൈനുകളും. അതിൽ ഉദയ സൂര്യനെ നോക്കി വെളുത്ത കൊറ്റികൾ നിരനിരയായി ഇരിക്കുന്നു. പ്രകാശം കൂടിവരുന്തോറും ചെറിയ കൂട്ടമായ് മഞ്ഞ് എങ്ങോട്ടോ ഓടിപ്പോകുന്നു. ഒപ്പം ചെറിയ തണുത്ത കാറ്റും വീശുന്നുണ്ട്. അപ്പോഴാണ് വീട്ടിലെ ലാന്റ് ഫോൺ ബെൽ അടിക്കുന്നത്. ഞാൻ എന്റെ മുറിയിലുണ്ടായിരുന്ന ഫോൺ ചാടി എടുത്തു. ഹലോ പറഞ്ഞു; കുറച്ചു നേരം ഒരു പ്രതികരണവും ഉണ്ടായില്ല. ഞാൻ ഫോൺ താഴെ വെച്ചു. ഇത് സ്ഥിരം പതിവുള്ളതാണ്. ഞാൻ പഠിക്കുന്ന സ്കൂളിലെ കുട്ടികളിൽ ആരോ ആണ്; ഒരിക്കലും അത് ആൺകുട്ടിയല്ല അത് എനിക്കുറപ്പാണ് കാരണം, അവർ ആരും ഇതുവരെ എന്നെ വിളിച്ചിട്ട് സംസാരിക്കാതിരുന്നിട്ടില്ല. ഞാൻ പഠിക്കുന്നത് ഒൻപതാം ക്ലാസിലാണ്. ക്ലാസിലെ കുട്ടികളിൽ എല്ലാവരും തന്നെ എന്നോട് സംസാരിക്കുന്നവരാണ്. അതിൽ ഒരാൾ മാത്രം എന്നോട് അധി കം സംസാരിക്കാറില്ല. ഞാൻ വരുന്നത് കണ്ടാൽ പെട്ടെന്ന് മാറിക്കളയും. അത് ഒരു പെൺകുട്ടിയാണ്. പേര് അനുശ്രീ. ഇവളുടെ വീട് എന്റെ വീട്ടിലേക്ക് പോകുന്ന വഴിയിൽ തന്നെയാണ്. ടീച്ചർ, ക്ലാസ് എടുക്കുന്ന സമയത്ത് ചില സമയങ്ങളിൽ ഇവൾ എന്നെത്തന്നെ നോക്കിയിരിക്കുന്നതായി എന്റെ കണ്ണുകൾ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുള്ളതാണ്. ഇവളാണോ എന്നെ വിളിച്ചിട്ട് മിണ്ടാതിരിക്കുന്നത് എന്ന് എനിക്ക് സംശയമുണ്ട്. ആലോചിച്ചിരുന്നു സമയം പോയത് പെട്ടെന്നായിരുന്നു. അപ്പോഴേക്കും ചായ തണുത്തിരുന്നു. ചായ ഒറ്റവലിക്ക് അകത്താക്കിയിട്ട് ഞാൻ ഉടനെ കൈയ്യിൽ പിടിച്ചിരുന്ന ഫോൺ താഴെ വെച്ചു. അപ്പോഴേക്കും വീണ്ടും ഫോൺ ബെല്ലടിക്കാൻ തുടങ്ങി. ഞാൻ പെട്ടെന്ന് ഫോണെടുത്തു ഇത്തവണയും മിണ്ടുന്നില്ല. ഞാൻ രണ്ട് തവണ ഹലോ പറഞ്ഞു. എന്നിട്ട് ഞാൻ തന്നെ അങ്ങോട്ട് പറഞ്ഞു എനിക്കറിയാം കേട്ടോ ആരാണെന്ന്. അതു പറഞ്ഞതും പ്രതികരണം വന്നു. ഒരു സ്ത്രീശബ്ദം. എന്നാൽ പറ, ആരാണെന്ന്. അപ്പോൾ



തൊട്ടടുത്ത് ഒരു സീറ്റ് ഒഴിവുണ്ടായിരുന്നു, കുട്ടിയെ ഇട ത്തെ കൈയ്യിൽ എടുത്ത് വലത്തെ കൈയ് മുകളിലത്തെ കമ്പിയിൽ പിടിച്ചാണ് വരവ് പോ രാത്തതിന് കുട്ടിയിരിക്കുന്ന കൈയ്യിൽ ഒരു കവറും, ഒരു ബാഗും കൂടിയുണ്ട്. ആ സ്ത്രീ രണ്ടാമത്തെ പിടിത്തത്തിന് ഞാൻ ഒട്ടിച്ച ച്യൂയിംഗത്തിന്റെ മുകളിൽ കൃത്യമായി പിടിച്ചു. ഞാനത് ശ്രദ്ധിച്ചിരുന്നില്ല, മറന്നിരുന്നു എന്നുള്ളതാണ് സത്യം. സ്ത്രീ സീറ്റിൽ ഇരുന്നു കുട്ടിയെ മടിയിൽ ഇരുത്തിയിട്ടുണ്ട് കൈയിലിരുന്ന കവറും ബാഗുംസീറ്റിന്റെ സൈഡിലായി വെച്ചു. എന്നിട്ട് ആ സ്ത്രീ കൈയ്യിൽ നിന്നും എന്തോ വെളുത്ത പശപോലെ ഒട്ടിപിടിച്ച സാധനം പറിച്ചെടുക്കുന്നു. അപ്പോഴാണ് ഞാൻ എന്റെ കൈയ്യിൽ ഒട്ടിപ്പിടിച്ച ചൂയിംഗത്തെ കുറിച്ച് ഓർത്തത്. ഞാൻ പെട്ടെന്ന് ഞാൻ ഒട്ടിച്ച ചൂയിംഗം അവിടെ ഉണ്ടോ എന്ന് നോക്കി. അത് അവിടെയില്ല. അതാണ് ആ സ്ത്രീയുടെ കൈയ്യിൽ ഒട്ടിപ്പിടിച്ചത്. ഒന്നുമറിയാത്ത കുട്ടി അമ്മയുടെ കൈയ്യിൽ ഒട്ടിപ്പിടിച്ച ച്യൂയിംഗത്തിലേക്ക് നോക്കുന്നുണ്ട്, അതിൽ പിടിക്കാൻ ശ്രമിക്കുന്നുണ്ട്. ആ കുട്ടിയുടെ മുഖം കണ്ടപ്പോൾ ഞാൻ ഒരു കണ്ണ് അടച്ചു കാണിച്ചു അപ്പോൾ കുട്ടി എനിക്ക് ഒരു പുഞ്ചിരി നൽകി. കുട്ടിയുടെ ആ ചിരിയിൽ ചൂയിംഗം പുറത്ത് കളഞ്ഞാൽ മതിയായിരുന്നു എന്ന് എനിക്ക് തോന്നിപ്പോയ്. കുട്ടി എന്നെത്തന്നെനോക്കുന്നുണ്ട്. ആ സ്ത്രീയാണെങ്കിൽ ചൂയിംഗം പറിച്ചെടുക്കുന്ന തിരക്കിലാണ്. അപ്പോഴാണ് എന്നെ വസന്തത്തിലേക്ക് ഒരാൾ ക്ഷണിക്കുന്നത്. കുട്ടി അമ്മയുടെ ഉടുപ്പിന്റെ ക്ലിവേജിൽ പിടിച്ച് താഴേക്ക് വലിച്ചു അതിൽ മാലയും ചേർന്നിരുന്നു. ഞാൻ നിൽക്കുകയായിരുന്നതിനാൽ വളരെ ആഴത്തിൽകണ്ടു. വീണ്ടും കുട്ടി ഒന്നൂടെ വലിച്ചു എനിക്ക് നോക്കാതിരിക്കാൻ കഴിഞ്ഞില്ല. സ്ത്രീ ഇപ്പോഴും ചൂയിംഗം പറിച്ചു കളയുന്ന തിരക്കിലാണ്. കുട്ടി എന്നെ നോക്കാൻ പ്രേരിപ്പിച്ചുകൊണ്ടേയിരുന്നു ഇടക്ക് അവന്റെ നോട്ടത്തിൽ ഞാൻ അവന്റെ എന്തോ കട്ടെടുത്ത് കൊണ്ടുപോകുന്നതുപോലെയായിരുന്നു. എനിക്ക് ഇറങ്ങാനുള്ള സ്റ്റോപ്പ് എത്തി. അത് തീയറ്ററിന്റെ മുന്നിലായിരുന്നു. ഞാൻ കുട്ടിയെ ഒരു കണ്ണടച്ച് കാണിച്ച് ഒന്നുകൂടെ നോക്കി. ഞാൻ തീയെറ്ററിന്റെ മുന്നിൽ ഇറങ്ങി. സിനിമ തുടങ്ങികഴിഞ്ഞിരുന്നു. ഗേറ്റ് പൂട്ടാൻ പോകുന്നു. ഞാൻ ഓടിച്ചെന്ന് കേറി എന്നിട്ട് ഒരു ടിക്കറ്റ് വാങ്ങി അകത്ത് കയറി. നല്ലൊരു സ്ഥലം നോക്കി ഇരുന്നു. അധികം താമസിയാതെ ഇന്റർവെൽ ആയി ലൈറ്റ് തെളിഞ്ഞു. എല്ലാവരും പുറത്തേക്ക് പോയിത്തുടങ്ങി. ഞാൻ ചുറ്റും നോക്കി എന്നെ അറിയുന്ന ആരും ഇല്ല. ഞാൻ ചെയറിൽ നിന്ന് എണീക്കാൻ ശ്രമിച്ചു. എന്റെ പാന്റ് ഒട്ടിപ്പിടിച്ചതുപോലെ തോന്നി. ഞാൻ അടുത്തിരുന്ന ആളോട് എന്റെ പാന്റിന്റെ പുറകിൽ എന്തോ ഒട്ടിപ്പിടിച്ചിരിക്കുന്നതു പോലെ തോന്നുന്നു എന്ന് പറഞ്ഞു. അയാൾ എന്നോട് പറഞ്ഞു ഒന്ന് തിരിഞ്ഞെ, നോക്കട്ടെ, ഞാൻ തിരിഞ്ഞു നിന്നു. നിശബ്ദം ഞാൻ പിന്നെ തിരിഞ്ഞ് ആയാളുടെ മുഖത്തേക്ക് നോക്കി. അയാളുടെ മുഖത്ത് ചിരി പടർന്നിരുന്നു. ഞാൻ, എന്താണ് നിങ്ങൾ ചിരിക്കുന്നത്? അയാൾ പറഞ്ഞു, അതേ, ചൂയിംഗം ചവച്ചിട്ട് കസേരയിൽ ഇട്ടിട്ട് പോയതാണ് അതിന്റെ പുറത്താണ് താൻ ഇരുന്നത്, താൻ ഇരുന്നപ്പോൾ ചെയറിൽ നോക്കിയില്ലേ? ഞാൻ വന്നപ്പോൾ ഇരുട്ടായിരുന്നു പോരാത്തതിന് സിനിമ തുടങ്ങിയിരുന്നു. ഞാൻ അവിടെത്തന്നെ ഇരുന്നു. അപ്പോഴാണ് എനിക്കൊരത്ഭുതം തോന്നിയത് ഞാൻ ബസിൽ സംഭവിച്ച കാര്യം ഓർത്തു. ഇതും കൂടിയായപ്പോൾ ഞാൻ ശരിക്കും അത്ഭുതപ്പെട്ടു! അപ്പോഴേക്കും ബെൽ മുഴങ്ങി പടം തുടങ്ങി എല്ലാവരും അകത്തേക്ക് കയറുന്നു. ഞാനുടനെ പുറത്തേക്ക് പോകാനൊരുങ്ങി. അടുത്തിരുന്ന ആൾ ചോദിച്ചു എവിടെ പോകുന്നു? ഞാൻ ഇതൊന്ന് പറിച്ച് കളഞ്ഞേച്ച് വരാം. ഞാൻ പുറത്തിറങ്ങി നേരേ ബാത്ത് റൂമിലേക്കാണ് പോയത്. എന്റെ പിന്നാലെ ആരെങ്കിലും വരുന്നുണ്ടോ എന്ന് നോക്കിയാണ് പോയത് കാരണം ഒറ്റ നോട്ടത്തിൽ പുറകിൽ നിന്ന് കാണും, ചൂയിംഗം ഒട്ടിപ്പിടിച്ചിരിക്കുന്നത്. ഞാൻ ബാത്ത്റൂമിൽ ചെന്നപ്പോൾ അവസാനത്തെ ആളും പൊയ്ക്കഴിഞ്ഞിരുന്നു. ഞാൻ തിരിഞ്ഞുനിന്ന് കണ്ണാടിയിലേക്ക് നോക്കി. എന്റെ കറുത്ത പാന്റിൽ വെള്ള പെയിന്റടിച്ചതുപോലെ ചൂയിംഗം ഒട്ടിപ്പിടിച്ചിരിക്കുന്നു. ഞാൻ ഉടനെ പാന്റ് ഊരി, എന്നിട്ട് പറിച്ച് കളയാൻ ശ്രമിച്ചു. നടക്കുന്നില്ല നന്നായി ഒട്ടിപ്പിടിച്ചിരിക്കുന്നു. ഞാൻ വീണ്ടും പാന്റ് ഇട്ടു. എന്നിട്ട് വീണ്ടും തീയെറ്ററിന്റെ അകത്തേക്ക് കയറി ഇരുന്നിരുന്ന സീറ്റിന്റെ അടുത്ത് എത്തി. അപ്പോൾ അടുത്തിരുന്ന ആൾ ചോദിച്ചു. പറിച്ച് കളഞ്ഞോ? ഇല്ല അത് പോകുന്നില്ല. ഞാൻ സിനിമ കാണുമ്പോൾ ഇനി എന്ത് ചെയ്യും എന്നാലോചിക്കുകയായിരുന്നു. അവസാനം പുതിയ പാന്റ്

©CPSCTVPM

വാങ്ങാൻ തന്നെ തീരുമാനിച്ചു. വീട്ടിൽ നിന്ന് വരുമ്പോൾ 500 രൂപ ഉണ്ടായിരുന്നതാണ് ഇപ്പോൾ 440 രൂപയായി. പുറത്തിറങ്ങിയാൽത്തന്നെ തുണിക്കടയിലോട്ട് 3 മിനിട്ട് എങ്കിലും നടക്കണം സിനിമ കഴിഞ്ഞതും ഉച്ചയ്ക്ക് 1.30 ആയിരുന്നു. ഞാൻ ജനക്കൂട്ടത്തിന്റെ ഇടയിലൂടെ പെട്ടെന്ന് നീങ്ങി എന്നിട്ട് പെട്ടെന്ന് തുണിക്കടയിൽ കയറി. പെട്ടെന്ന് പുരുഷൻമാരുടെ ഏരിയയിൽ ചെന്നു. എന്നിട്ട് പാന്റിന്റെ സൈസ് പറഞ്ഞുകൊടുത്തു. എടുത്തിട്ടതിൽ ഏറ്റവും വിലക്കുറഞ്ഞതു നോക്കി ഒന്ന് എടുത്തു. പെട്ടെന്ന് തന്നെ ഞാൻ പാന്റ് മാറ്റി അപ്പോൾ സെയിൽസ്മാൻ ചോദിച്ചു എന്തുപറ്റി? ഞാൻ കാര്യം പറഞ്ഞു, അയാൾക്ക് ചിരിയാണ് വന്നത്. ഞാൻ ഉടനെ മേടിച്ച പാന്റിന്റെ പൈസ കൊടുത്ത് ഇട്ടിരുന്നത് ഒരു കവറിലാക്കി എടുത്തു പിന്നീട് ഭക്ഷണം കഴിച്ച് സ്കൂളിലേക്കുള്ള യാത്രയിൽ ഞാൻ തീരുമാനിക്കുകയായിരുന്നു, ഇനി ഒരിക്കലും മറ്റൊരാൾക്ക് പണി കിട്ടുന്ന രീതിയിൽ ഒന്നും ചെയ്യരുത് എന്ന്...."



©CP&CH TVPM



ഗിരീഷ് പുലിയൂർ

©CP&CH TVPM

# ഏഴാംകടലിന്നക്കരെ

## കവിത

കൂട്ടിലടയ്ക്കപ്പെട്ടവളേ
കൂടു തുറന്നു പറന്നവളേ
അഴലിന്നേഴാംകടലും താണ്ടി
പുതിയൊരു ലോകം തീർത്തവളേ

എല്ലാ വേദങ്ങളിലും കൃതിയിലു
മെല്ലാ സിദ്ധാന്തങ്ങളിലും
വാഴ്ത്തപ്പെട്ടവളാണെന്നാലും
എന്നും താഴ്ത്തപ്പെട്ടവളേ

വച്ചു വിളമ്പാൻ വേദന മാത്രം
കണ്ടു കരഞ്ഞു ചിരിച്ചവളേ
കല്ലനടുപ്പിൽ തീയൂതിപ്പുക
ചുറ്റിക്കണ്ണുകരിഞ്ഞവളേ

സൂര്യനുദിച്ചാലിരുളും വരെയും
ചേറുചെളിയും' തിന്നവളേ
നേരമിരുണ്ടാൽ കാടന്മാരുടെ
കയ്യിലമർന്നു തകർന്നവളേ

ഒമ്പതു വയസ്സാവും മുമ്പേ കഴു
കന്മാർ കാമഭ്രാന്തന്മാർ
പടുകിഴവന്മാർ ഹീനന്മാരവർ
വേളികഴിച്ചു മുടിച്ചവളേ

പ്രായം പതിനഞ്ചാവും മുമ്പേ
വിധവകളാക്കപ്പെട്ടവളേ
ഇരുളറ മണിയറയാക്കിപ്പേരറി
യാത്തവർ പീഡിപ്പിച്ചവളേ



പുതിയ വെളിച്ചം കാണാ, 'തന്തർ-
ജ്ജന 'മായ് നീറിയമർന്നവളേ
വേലികൾ തിന്നും വിളവായവളേ
മുത്തുകൾ വളരും ചിപ്പികളേ



‘കല്ലുമ്മാല’ കഴുത്തിൽ ചുറ്റി-
ത്തല കുമ്പിട്ടു നടന്നവളേ
ദൈവം തന്ന ശരീരം ശാപം
പോലെ ചുമന്നു തളർന്നവളേ

ചുങ്കം നൽകാതില്ലാതെന്നും
പങ്കപ്പാടിലടിഞ്ഞവളേ
നാണം കെട്ട ‘മുലക്കര’ മേകാൻ
മുല കണ്ടിച്ചു കൊടുത്തവളേ

തലമുറ നാമ്പു നശിക്കാതെല്ലാം
കണ്ണുമടച്ചു സഹിച്ചവളേ
മാറുമറയ്ക്കാൻ പേനയെടുക്കാൻ
പോരിനിറങ്ങി വളർന്നവളേ

പെണ്ണിനെയന്നു തളച്ച കരിങ്കൽ
മതിലുകളിന്നും തുടരുന്നു
എങ്ങനെയിത്രത്തോളം പതിത
കളായീ നിങ്ങടെ തലമുറകൾ?

പെണ്ണുടലിനെയൊരു പാതകമാക്കി
വീട്ടിലടുക്കള ജയിലാക്കി
ചാരിത്ര്യത്തെയൊരായുധമാക്കി
മാതൃത്വത്തെ മറയാക്കി

സ്ത്രീ ജന്മത്തിൽ പ്രത്യേകതകൾ
പുരുഷന്മാരൊരു കരുവാക്കി
മാറ്റാൻ പറ്റാതുള്ളവയെല്ലാം
ദൈവത്തിന്റെ വിലക്കാക്കി

ലിംഗാസൂയഭ്രാന്താമാൺകോയ്
മയ്ക്കിരയാക്കി, കണ്ണീരാൽ
പറയാൻ കഴിയാതുള്ളതു പലതും
പെൺ ജീവിതമൊരു മുറിവാക്കി

പൂജിക്കാനൊരു വിഗ്രഹമാക്കി
നേർജീവിതമൊരു ബലിയാക്കി
പുരുഷനു ഗർഭാധാനം മാത്രം
സ്ത്രീയുടെ നിത്യത്തൊഴിലാക്കി

ലക്ഷം ലക്ഷം തലമുറതേങ്ങി
ത്തളരുന്നതു നാം കണ്ടില്ലെ?
പത്തും പന്ത്രണ്ടും പൈതങ്ങൾ
മണ്ണടിയുന്നതു കണ്ടില്ലെ?



©CP&CH TVPM



'നമ്മൾ രണ്ടു നമുക്കും രണ്ടെ'
ന്നുള്ളൊരു മുദ്രാവാക്യത്താൽ
നല്ലവരൊറ്റക്കെട്ടായ് സ്ത്രീകൾ
ക്കേകീ ജീവിത സ്വാതന്ത്ര്യം!

കണ്ടു പഠിക്കുക ലോകത്തുള്ളവ
രെല്ലാമീയുഗ മാതൃകകൾ
എവിടെയുമിന്നണിചേരുകയല്ലോ
വനിതകൾ, നമ്മുടെ ദേവതകൾ!

ജാതിമതങ്ങൾ ബാധകമല്ലാ
തെല്ലാ പെണ്ണും നരകിച്ചു
അല്ലാവീശ്വരനേശുവുമരികിൽ
വന്നില്ലവളെപ്പാലിക്കാൻ
പുണ്യപുരാണങ്ങളിലുണ്ടാവാം
മണ്ണിൽ മാത്രം കണ്ടില്ല
പ്രവചനനാദങ്ങളിലുണ്ടാവാം
പരമാർത്ഥത്തിൽ കണ്ടില്ല

നൂറ്റാണ്ടുകളായ് താണടിയുന്ന
സഹോദരിമാരിവരുയരുന്നു
മലയാളത്തിൽ നിന്നും പുതിയൊരു
സ്ത്രീസങ്കല്പം വളരുന്നു

സ്വയമാരും ചെയ്യാത്തതു നിലവിൽ
നിയമം കൊണ്ടു തിരുത്തുക നാം
നിയമമനായാസം പരിപാലി
ച്ചുയരുക തളരാതുയരുക നാം



പെണ്ണാണെല്ലാം, ദൈവം പോലും
പെണ്ണുവളർത്തിയ പൊരുളല്ലെ
പെണ്ണെന്നാലവൾ പൊന്നാണവളുടെ
'ഉടലി'നയിത്തം പറയരുതെ

അന്നം നൽകാനറിയാമെങ്കിൽ
ശൂന്യപഥങ്ങളിലലയാനും
തുണികളലക്കാനറിയാമെങ്കിൽ
അധികാരത്തിലിരിക്കാനും

©CP&CH TVPM



‘വീടു തുടയ്ക്കാനറിയാമെങ്കിൽ
നാടിനു നല്ലതു ചെയ്യാനും
പെണ്ണിനു ദൈവം ശക്തികൊടുത്തി
ട്ടുണ്ടെന്നുള്ളൊരു ശരിയല്ലെ?

കാലത്തിനു ചേരുന്നതു മാത്രം
ശീലിക്കുക, പാലിക്കുക നാം
‘നല്ലതു നാളേയ്ക്കായി കരുതുക’
നമ്മുടെ ഉത്തരവാദിത്വം

ആണും പെണ്ണുമൊരൊറ്റക്കെട്ടായ്
നിന്നാൽ രക്ഷപ്പെട്ടേയ്ക്കാം
നാളിതുവരെയും നമ്മൾ വളർത്തിയ
നന്മകൾ പുഷ്ടിപ്പെട്ടേയ്ക്കാം

ആണധികാരം പെണ്ണധികാരവു
മൊന്നായ് നാടിന്നധികാരം
‘ശിവശക്തിപ്പൊരു’ളിങ്ങനെ നമ്മൾ
നന്മയ്ക്കായി നടപ്പാക്കി



‘അമ്മവയറ്റിൽ’ നിന്നും വന്നവ
രോർമ്മിക്കാനിതു പറയുന്നു
ചുമ്മാതെല്ലാമില്ലാതാക്കരുതെ
ന്നറിയിക്കാൻ പറയുന്നു

വന്നു പിറക്കും വരെയും വയറി-
ന്നുള്ളിൽ വളർത്തിയ മാതാവെ
ആങ്ങളയായി നടക്കാനെന്നും
പ്രേരണയായ സഹോദരിയെ

പരമസുഖങ്ങൾ തന്നവളെ പ്രണ
യിനിയെ, ജീവിത സഖിയാളേ
മുത്തശ്ശിക്കഥയായും മുന്നിൽ
മകളായും വളരുന്നവളെ

ചെറുമകളായും പൊരുളായും നീ
പുലരുക, ഇരുളില്ലാതാവാൻ
സത്യത്തിന്റെ വെളിച്ചം ഉള്ളിൽ
വിളഞ്ഞ വിളക്കായ് തെളിയുക നീ!

©CP&CH TVPM



# കാലത്തിന്റെ കയ്യൊപ്പ്
## കഥ

അനിൽ കുമാർ കാപ്പിൽ

"മോളേ നീ എന്തിന് എന്നോട് ഇത്രയും കരുണ കാട്ടുന്നു" എന്ന് ചോദിയ്ക്കണമെന്ന് പലപ്പോഴും കേശവന് തോന്നിയിട്ടുണ്ട്. നീട്ടി വളർത്തിയ നരച്ച മുടിയും താടിയും, നെറ്റിയുടെ കുറുകെ ഏലായിൽ ചാല് കീറിയതുപോലെ ചുളിവുകളും, കറുത്ത് ഇരുണ്ട കൺതടങ്ങളും, ഇര പിടിയ്ക്കാൻ കാത്ത് കുഴിയിൽ ഇരിയ്ക്കുന്ന കണക്കെ പുറത്തെ കാഴ്ചകൾക്കായി വെമ്പുന്ന കണ്ണുകളുമായി നഗരിയുടെ തെരുവോരത്ത് തപസ്സിരിക്കുന്ന ആ വൃദ്ധൻ, ചോദ്യങ്ങളെല്ലാം തന്നോട് തന്നെ തിരിച്ചു വിടുകയായിരുന്നു. ഒരുപക്ഷേ, അതായിരിക്കാം ഉചിതമെന്ന് തോന്നിയിട്ടാകാം... തെരുവോരത്തെത്തി എന്നും മുടങ്ങാതെ ഭക്ഷണപ്പൊതി നൽകുമായിരുന്ന ആ പെൺകുട്ടിയോട് ചോദിച്ചില്ല.

സ്കൂട്ടറിലോ, ഓട്ടോറിക്ഷയിലോ കാർഡ് ബോർഡ് പെട്ടിയിലും, പ്ലാസ്റ്റിക് ചാക്കിലുമായി ഭദ്രമായി പൊതിഞ്ഞു തയ്യാറാക്കിയ രുചികരമായ ഭക്ഷണവുമായിട്ടാണ് ആ കുട്ടി എത്തിയിരുന്നത്. തിളങ്ങുന്ന ചാരക്കണ്ണുകളുള്ള ഏകദേശം 25 വയസ്സ് തോന്നിയ്ക്കുന്ന ആ വെളുത്ത സുന്ദരി ശാരീരിക അവശതകളാലും, മാനസിക രോഗത്താലും യാതന അനുഭവിക്കുന്നവരെ തെരുവിൽ നിന്നും സുരക്ഷിത സ്ഥാനങ്ങളിൽ എത്തിക്കുന്നതിനും തികഞ്ഞ ശ്രദ്ധ പുലർത്തിയിരുന്നു. എന്നും പൊതിച്ചോറിനൊപ്പം ഒരു പുഞ്ചിരി കൂടി സമ്മാനിച്ചിരുന്നു. ആ കുട്ടിയോട് കേശവൻ ഒന്നും ചോദിച്ചില്ലെങ്കിലും ഗദ്ഗതം കണക്കെ ഉരുവിട്ടു... "ഈ ജീവിതം എനിക്ക് വേണ്ടതു തന്നെയാണ്" "വിശപ്പ് എന്തെന്ന് എനിക്ക് അറിയാത്ത ഒരു കാലം ഉണ്ടായിരുന്നു. വിശന്ന് വലഞ്ഞ് ഒരു നേരത്തെ ഭക്ഷണത്തിന് വേണ്ടി വഴിക്കണ്ണുമായി ഈ തെരുവോരത്ത് ഇടംവലം നോക്കിയിരിക്കുന്നു. എന്റെ ചെയ്തികളെ ഓർത്ത് ഇന്ന് ഞാൻ പശ്ചാത്തപിക്കുന്നു" ഇതൊക്കെ കേട്ടുനിന്ന രേവതിക്ക് ഇതൊന്നും കേട്ടില്ലയെന്ന് ഭാവിക്കാൻ നിർവ്വാഹമില്ലാത്തതുകൊണ്ട് അൽപം തിരക്കുകൾ ഉണ്ടായിരുന്നിട്ടും വിശപ്പിന്റെ മണമുള്ള ആ പഴയ കഥ പറയേണ്ടിവന്നു.

"വളരെ പ്രൗഢിയിൽ ജീവിച്ചിരുന്ന ഒരു തറവാട്ടിലെ കാരണവരായിരുന്നു എന്റെ അച്ഛൻ... 'രാഘവൻ നായർ' കൃഷിയും കുടവയറും, മേൽമുണ്ടും, തലയെടുപ്പുള്ള നടത്തവും, ഘനഗാംഭീര്യമേറിയ ശബ്ദവും ഒക്കെയായി ഒരു പ്രമാണിത്വത്തിൽ ആയിരുന്നു. പ്രൗഢിയിലുപരി ആഢ്യത്വത്തിൽ ജീവിച്ചിരുന്ന കുടുംബത്തിലെ ഗൃഹനായിക 'ഭഗീരഥി അമ്മ' ഉയർന്ന നെറ്റിത്തടവും, പച്ച വൈരക്കല്ല് പതിച്ച മുക്കുത്തിയും, വിടർന്ന കണ്ണുകളും, പിന്നിയിട്ട് തുമ്പുകെട്ടിയ നീളമേറിയ തലമുടിയും.. എന്തുകൊണ്ടും ആ വീടിന്റെ ഐശ്വര്യം തന്നെയായിരുന്നു. സ്വഭാവ സവിശേഷതകൾ കൊണ്ടും വേറിട്ടു നിന്നിരുന്നു."

"22 വയസ്സുകാരനായ മകനും, 20 ഉം 18 ഉം വയസ്സുകാരായ രണ്ട് പെൺമക്കളും അടങ്ങുന്നതാണ് ആ കുടുംബം. മൂത്ത മകളുടെ വിവാഹം പ്രൗഢ ഗംഭീരമായി നടത്തിയിരുന്നു. ഇളയ മകൾക്ക് വിവാഹ ആലോചനകൾ നടന്നു വന്നിരുന്നു. ആ ഗ്രാമത്തിലെ പല പ്രശ്നങ്ങളും അവസാനവാക്ക് രാഘവൻ നായരുടേതാ

©CPCHTVPM



യിരുന്നു. അത്രക്ക് ഉന്നത നിലവാരമായിരുന്നു ആ കുടുംബത്തിന്റേത്"

"ഭർത്താവ് മരണപ്പെട്ട അമ്മ 4 വയസ്സുകാരിയായ തന്റെ മകളുമായാണ് അവിടെ അടുക്കള ജോലികൾക്കായി എത്തിയിരുന്നത്. കൃഷിക്കും, കന്നുകാലി പരിപാലനത്തിനും മറ്റ് ജോലികൾക്കുമായി പത്തോളം പുരുഷൻമാരും, അടുക്കള ജോലികൾക്കായി രണ്ട് സ്ത്രീകളും അടങ്ങുന്നതായിരുന്നു പരിചാരക വൃന്ദം. ഇവർക്കെല്ലാം എത്തിച്ചേരാവുന്ന ഒരു മേഖല ആ കുടുംബത്തിന്റെ പടിഞ്ഞാറേ മുറ്റവും വരാന്തയുമായിരുന്നു. പടിപ്പുരയും, നാലുകെട്ടും, ചുറ്റിലും വാരാന്തയും, വീട്ടുപറമ്പിൽ തന്നെ കുടുംബക്ഷേത്രവും. ജോലിക്കാരോടൊക്കെ അൽപം പരുഷമായിട്ട് മാത്രം പെരുമാറിയിരുന്ന രാഘവൻനായർക്ക് ചേച്ചിയെ വളരെ ഇഷ്ടമായിരുന്നു. "കൊച്ചുകുട്ടി എന്നത് മാത്രമല്ല, ചടുലമായി സംസാരിക്കുകയും പെരുമാറുകയും ചെയ്യുമായിരുന്ന സുന്ദരിയായ കുട്ടി എന്നതിലുപരി സ്വന്തം സമുദായാംഗം കൂടി ആണെന്നുള്ള പരിഗണനയും ഉണ്ടായിരുന്നു" അതുവഴി അമ്മയുടെ ഹൃദയത്തിൽ ചേക്കേറുകയായിരുന്നു. അധികം വൈകാതെ തന്നെ ഏകദേശം 20 വയസ്സ് പ്രായ വ്യത്യാസമുള്ള അമ്മയെ പ്രാപിയ്ക്കുകയാണുണ്ടായത്"

"സ്വന്തം ഭർത്താവ് അടുക്കള ജോലിക്കാരിയായ ഗീത എന്ന അമ്മയോട് അൽപം മൃദുസ്വഭാവത്തിൽ പെരുമാറിയിരുന്നത് ഭഗീരഥി അമ്മയുടെ ശ്രദ്ധയിൽപ്പെടുക മാത്രമല്ല, ആയതിലുള്ള അനിഷ്ടം പ്രകടിപ്പിക്കുകയും ചെയ്തിരുന്നു. അധികം വൈകാതെ തന്നെ അമ്മയുമായുള്ള ബന്ധത്തെക്കുറിച്ച് മറ്റുള്ളവർ രഹസ്യമായി പറഞ്ഞ് ഭഗീരഥി അമ്മയുടെ ചെവിയിലും എത്തുകയായിരുന്നു. തന്റെ ഭർത്താവിന് വയസ്സ് 50 കഴിഞ്ഞിരിക്കുന്നു. മൂത്ത മകളെ അൽപം അകലെയാണെങ്കിലും ഒരു നല്ല തറവാട്ടിൽ വിവാഹം ചെയ്തു അയച്ചു. ഇളയമകൾക്ക് വിവാഹാലോചനകൾ നടക്കുന്നു. മകനും ഏതെങ്കിലും ഒരു നല്ല കുടുംബത്തിൽ നിന്നും ഒരു പെൺകുട്ടിയെ കണ്ടെത്തണം ഇതൊക്കെയായിരുന്നു സ്വപ്നം"

"കണ്ടും കേട്ടും അറിഞ്ഞിരുന്ന കഥകളുടെ പശ്ചാത്തലത്തിൽ ഭഗീരഥി അമ്മയുടെ ഹൃദയത്തിൽ ഒരു അഗ്നിപർവ്വതം പുകയാൻ തുടങ്ങിയിരിക്കുന്നു. ആകെ താളം തെറ്റുന്നു... ഒന്നിനും കഴിയാത്തവിധം തകർന്നിരുന്നു. ഇക്കാര്യങ്ങളെക്കുറിച്ച് ആരോട് എന്ത് പറയാൻ? മക്കൾ അറിഞ്ഞിരിക്കാൻ ഇടയില്ല. ഇവയൊക്കെ പറഞ്ഞറിയിച്ച് അവരേയും വേദനിപ്പിക്കേണ്ട എന്നു തീരുമാനിച്ചു. കുടുംബത്തിൽ മക്കൾ അറിയാതെതന്നെ ഇരുവരും വാക്കുതർക്കത്തിലും അടിപിടിയിലും കലാശിക്കുകയായിരുന്നു. ഇതൊക്കെ കുറേശ്ശെ മക്കളുടെ ശ്രദ്ധയിലും പെട്ടിരുന്നു! ആക്രമണത്തിന് ഇരയായ ഭഗീരഥി അമ്മ മറ്റുള്ളവരുടെ ശ്രദ്ധയിൽപ്പെടാതെ സ്റ്റോർ റൂമിൽ കയറുകയും കരുതിയിരുന്ന മണ്ണെണ്ണ തലയിലേക്ക് ഒഴിച്ച് തീകൊളുത്തുകയുമായിരുന്നു. അറയും, പുരയും അടക്കമുള്ള ആ തറവാടിന് അതിന്റേതായ കെട്ടുറപ്പും ഉണ്ടായിരുന്നു. അതുകൊണ്ട് തന്നെ സ്റ്റോർ റൂം തുറന്ന് തീ കെടുത്താനോ, രക്ഷിക്കാനോ ആയില്ല. അങ്ങിനെ ആ പുകഞ്ഞുകൊണ്ടിരുന്ന അഗ്നിപർവ്വതം അഗ്നിഗോളമായി രൂപാന്തരപ്പെട്ട് താണ്ഡവമാടി ആ മുറിക്കുള്ളിൽ ഒടുങ്ങുകയായിരുന്നു"

''ഭഗീരഥി അമ്മയുടെ മരണവുമായി ബന്ധപ്പെട്ട് മക്കളുടെ പരാതിയുടെയും, മൊഴിയുടെയും അടിസ്ഥാനത്തിൽ അച്ഛനെ പോലീസ് അറസ്റ്റ് ചെയ്ത് ജയിലിൽ അടയ്ക്കുകയായിരുന്നു. കൂടാതെ തന്റെ അച്ഛനെ വശീകരിച്ച് കുടുംബം നാമാവശേഷമാക്കിയവൾ, അഭിസാരിക എന്നും മറ്റുമുള്ള ആക്ഷേപവാക്കുകൾ ചൊരിഞ്ഞുകൊണ്ട് 30 വയസ്സുകാരിയായ അമ്മയെ രാഘവൻനായരുടെ മകനും ബന്ധുക്കളും ചേർന്ന് നിർദ്ദാക്ഷിണ്യം അടിച്ചുപുറത്താക്കുകയായിരുന്നു. "ഒരു പക്ഷേ ഞാൻ അമ്മയുടെ ഗർഭപാത്രത്തിൽ ഒളിഞ്ഞുകിടക്കുന്നതായി അമ്മ അറിഞ്ഞിട്ടേ ഉണ്ടാകില്ല.

©CPECH TVPM



"ഈ വാർത്തകളൊക്കെ 'കാട്ടുതീ' പോലെ നാടാകെ പടർന്നു. അമ്മക്ക് മറ്റു വീടുകളിൽ ജോലി കിട്ടാതായി. തുടർന്ന് മറ്റ് ചില കൂലിവേലകൾക്ക് ഇറങ്ങേണ്ടി വന്ന അമ്മ അധികം വൈകാതെ താൻ ഗർഭിണി ആണെന്ന സത്യം ബോദ്ധ്യപ്പെടുകയായിരുന്നു. ആരുടേയും ഒരു തണൽ ഇല്ലാതെ, അതും ഒരു യുവതിയായ വിധവ ഗർഭിണിയായാൽ ഉണ്ടാകുന്ന പ്ര കമ്പനങ്ങളൊക്കെ ചുറ്റുപാടും ഉണ്ടാകുക തന്നെ ചെയ്തു. എങ്കിലും, തന്റെ ഉദരത്തിൽ വള രുന്ന ആ മുളനുള്ളിക്കളയാൻ അമ്മ തയ്യാറായിരുന്നില്ല. ജയിലിൽ കഴിയുന്ന രാഘവൻനാ യരെ ഒന്നു പോയി കാണാനോ, എന്തെങ്കിലും സഹായ വാഗ്ദാനം ചെയ്യാനോ കഴിഞ്ഞിരു ന്നില്ല. രാഘവൻ നായർ എന്ന പ്രമാണിയ്ക്ക് വഴങ്ങുകയല്ലാതെ മറ്റൊന്നും കഴിയുമായിരു ന്നില്ല. പലപ്പോഴും അത്തരം സാഹചര്യങ്ങളിൽ നിന്നും ഒഴിഞ്ഞ് മാറുകയും അദ്ദേഹത്തെ പ ിൻതിരിപ്പിക്കാൻ ശ്രമിച്ചിരുന്നെങ്കിലും... ഉറക്കെ ഒന്നു കരയുവാൻ പോലും കഴിയുമായിരു ന്നില്ല, കീഴ്പ്പെടുത്തുകയായിരുന്നു.

ഇത്തരം ബന്ധങ്ങളെക്കുറിച്ച് ഭഗീരഥി അമ്മ അറിഞ്ഞ ദിവസം ഉണ്ടായ കോലാഹലങ്ങളും, അവരുടെ ആത്മഹത്യയിൽ കലാശിച്ചതും, തുടർന്ന് അമ്മയ്ക്ക് ഏറ്റുവാങ്ങേണ്ടിവന്ന ശാരീ രിക മാനസിക പീഢനങ്ങളും ഒട്ടും ചെറുതായിരുന്നില്ല. തന്റെ ഉദരത്തിൽ വളരുന്ന കുഞ്ഞിന്റെ അച്ഛന്റെ ആരോഗ്യത്തിനും, ആയുസ്സിനും വേണ്ടി പ്രാർത്ഥിക്കുവാൻ മാത്രമേ കഴിഞ്ഞിരുന്നുള്ളൂ"

"കുറച്ചു നാളത്തെ ജയിൽവാസത്തിനുശേഷം ഏതോ അകന്ന ബന്ധുവിന്റെ ശ്രമഫലമായി ജാമ്യത്തിൽ ഇറങ്ങിയ രഘവൻനായർ നേരെ കുടുംബത്തിലേക്കാണ് പോയത്. താൻ ചെയ്ത തെറ്റുകൾ പൊറുക്കാനും, ക്ഷമിക്കാനും കഴിയുന്ന ഒരാളെങ്കിലും അവിടെ ഉണ്ടാ കുമെന്ന് കരുതിയിട്ടാകാം... തന്നെക്കാൾ ആരോഗ്യവാനായ 22 വയസ്സുള്ള സ്വന്തം മകനും, മറ്റു ചില അടുത്ത ബന്ധുക്കളും എല്ലാ അർത്ഥത്തിലും പീഢിപ്പിക്കുകയായിരുന്നു. മാത്രവു മല്ല, ഇത്തരം രംഗങ്ങൾ തുടർക്കഥ ആകുകയായിരുന്നു. പ്രാണന് വേണ്ടി കേഴേണ്ടിവന്ന അച്ഛന്റെ സ്വന്തം പേരിൽ ഉണ്ടായിരുന്ന മുഴുവൻ സ്വത്തുക്കളും അവരുടെ പേരിലേക്ക് എഴുതി മേടിച്ചുകൊണ്ട് നിർദ്ദാക്ഷിണ്യം തെരുവിലേക്ക് ഇറക്കി വിടുകയായിരുന്നു. അച്ഛന് മറ്റു വഴികളൊന്നുമില്ലാതെ ഗർഭിണിയായ അമ്മയുടെ ഒപ്പം വീണ്ടും എത്തിപ്പെടുകയായിരു ന്നു. ഉടുതുണി മാത്രം ബാക്കിയായ അച്ഛൻ കൂലിവേലക്ക് ഇറങ്ങിയെങ്കിലും കേസ്സ് നടത്തു ന്നതിന് ആവശ്യമായ തുക കണ്ടെത്താനായില്ല. അമ്മയുടെ കൈവശം കിടപ്പാടം ഒഴികെ ആകെയുള്ളത് വിവാഹ സമയം മഞ്ഞച്ചരടിൽകോർത്ത് കെട്ടിയതാലി മാത്രമായിരുന്നു. എങ്കിലും ആകെയുള്ള 10 സെന്റ് ഭൂമി വിൽക്കാൻ തീരുമാനിക്കുകയായിരുന്നു. സ്വത്ത് ഇല്ലെങ്കിലും ഒരു ആൺ തുണയുണ്ടല്ലോ എന്ന ആശ്വാസം മാത്രം. ഇതിനോടകം വാടകവീട് തരപ്പെടുത്തി താമസം മാറിയിരുന്നു. തുടർന്ന് അമ്മ ഒരു പെൺകുഞ്ഞിന് ജന്മം നൽകി! വസ്തു വിറ്റു കിട്ടിയതിൽ ഏറിയ പങ്കും അഡ്വക്കേറ്റിന് കൊടുക്കേണ്ടി വന്നു. കൂടാതെ അമ്മയുടെ ചികിത്സയും പ്രസവച്ചെലവും കഴിഞ്ഞപ്പോഴേക്കും പൂർണ്ണമായും തുക കഴി ഞ്ഞിരുന്നു. ആകുന്ന ജോലികൾക്ക് അച്ഛൻ പോയി കുടുംബം പുലർത്തിയിരുന്നെങ്കിലും അതിരുകടന്ന അസ്വസ്തത അനുഭവിക്കുന്നുണ്ടായിരുന്നു. വലിയ തറവാട്ടിൽ എല്ലാ സൗകര്യങ്ങളോടും ആ ഗ്രാമത്തിലെ മുഖ്യനായി ജീവിച്ച ആളല്ലേ! ഒറ്റ നിമിഷം കൊണ്ട് എല്ലാം നഷ്ടപ്പെട്ടിരിക്കുന്നു. ഉറ്റവരും ഉടയവരും സഹിതം ഇതിനോടകം...."

"അമ്മയാണ് അച്ഛനെ ഈ നിലയിൽ ആക്കിയതെന്നുള്ള ആരോപണവും ആക്ഷേപങ്ങളും തുടർന്നുള്ള ദിവസങ്ങളിൽ പതിവായി. അത്രക്ക് അസഹിഷ്ണുത ആ കൊച്ചു വാടക വീട്ടിൽ അച്ഛൻ അനുഭവിച്ചിരുന്നു. ഏകദേശം 2 വർഷക്കാലമേ അവർക്ക് ഒരുമിച്ച് ജീവിക്കാ

©CP&CHTVPM



നായുള്ളു. ഒരു ദിവസം രാവിലെ വീട് വിട്ടിറങ്ങിയ അച്ഛൻ പിന്നൊരിക്കലും എന്നെത്തേടിയോ, ഞാനെന്റെ സൃഷ്ടിയ്ക്കുവേണ്ടിയുള്ള ബീജം പേറിയ ഗർഭപാത്രത്തെത്തേടിയോ, അതുമല്ലെങ്കിൽ അച്ഛൻ എന്ന പുരുഷനിലെ കാമം എന്ന വികാരത്തെ ശമിപ്പിയ്ക്കാൻ ഉപകരിച്ച ആ സ്ത്രീരൂപത്തെയോ ഒരിക്കലെങ്കിലും കാണാൻ ശ്രമിച്ചിരുന്നില്ല. ഉണ്ടായിരുന്ന കിടപ്പാടവും നഷ്ടപ്പെടുത്തി, അമ്മയേയും പറക്കമുറ്റാത്ത രണ്ട് പെൺമക്കളേയും ഉപേക്ഷിച്ച് പോയിട്ടും 6-ഉം, 2-ഉം വയസ്സ് പ്രായക്കാരായ രണ്ടു പെൺകുട്ടികളുമായി അമ്മ എത്രമാത്രം യാതന അനുഭവിച്ചിട്ടുണ്ടാകും! എങ്കിൽക്കൂടി നാളിതുവരെ അങ്ങിനൊരു മനുഷ്യനെക്കുറിച്ച് ആരോടെങ്കിലും ആക്ഷേപിച്ചതായോ, അവഹേളിച്ചതായോ കേട്ടിട്ടില്ല.

ഞങ്ങളുടെ വിശപ്പും, ദുഃഖവും ഒരിയ്ക്കൽ മാറുമെന്നും, അച്ഛനെ കാണുമെന്നുള്ള കാക്കാത്തിയുടെ പ്രവചനം ഞാൻ ഇന്നും വിശ്വസിയ്ക്കുന്നു!!! ഒരിക്കൽ കൂടി ആ പ്രവചനം കേൾക്കാൻ ഇന്നും ഞാൻ കാക്കാത്തിയെ കാത്തിരിക്കുന്നു. ഇടം കയ്യിൽ കൂട്ടിലടച്ച തത്തയും, വലംകയ്യിൽ ഒരു തുണിക്കിഴിയും, തോളിൽ ഒരു വലിയ തുണി സഞ്ചിയുമായി പാടവരമ്പ് തിരിഞ്ഞ് വാടകവീട്ടിലേയ്ക്കുള്ള ഒറ്റയടിപ്പാതയിലൂടെ മുറുക്കിച്ചുവപ്പിച്ച് നീട്ടിത്തുപ്പി എത്തുമായിരുന്ന കാക്കാത്തിയെ ഞാൻ ഇന്നും കാത്തിരിക്കുന്നു.

ഞങ്ങളുടെ വിശപ്പ് അടക്കാനായി അമ്മ വീണ്ടും പല വീടുകളുടേയും പിന്നാമ്പുറങ്ങൾ തേടിപ്പോയി. സന്ധ്യ മയങ്ങുമ്പോഴേയ്ക്കും തിരികെയെത്തുന്ന അമ്മയുടെ പാത്രത്തിൽ കരുതിയിരിക്കുന്ന സമ്പന്നതയുടെ ഉച്ചിഷ്ടം എനിക്കും എന്റെ ചേച്ചിക്കും അമൃതായിരുന്നു. അമ്മ ഞങ്ങളുടെ കണ്ണുകളിലെ തിളക്കത്തിനുവേണ്ടി പാത്രം ഒഴിയുന്നതുവരെ പകുത്തു നൽകുമായിരുന്നു. സർക്കാർ സ്കൂളിലെ ഉപ്പുമാവ് ഒരു പരിധിവരെ പകൽ ഞങ്ങളെ പിടിച്ചു നിർത്തിയിരുന്നു.

പടിഞ്ഞാറേ ചക്രവാളത്തിൽ നിന്നും ചുവന്ന സൂര്യൻ ഊർന്ന് അറബിക്കടലിന്റെ അഗാധതയിൽ വീഴുമ്പോഴേക്കും ഇരുട്ട് ആ കൊച്ചുവീടിനേയും വിഴുങ്ങിയിരുന്നു. അമ്മയുടെ വരവ് പ്രതീക്ഷിച്ച് വീട്ടിൽ നിന്നുള്ള ഒറ്റയടിപ്പാത അവസാനിച്ച് പാടവരമ്പിലേക്ക് തിരിയുന്ന ഇടത്തിൽ വഴിവിളക്കിന്റെ മഞ്ഞ വെളിച്ചത്തിലേക്ക് ജാലകപ്പടി വിടവിലൂടെ ഞാൻ ഗവേഷണം നടത്തിയിരുന്നു.

''അച്ഛൻ ഇല്ലാതെയാണ് ഞങ്ങൾ വളർന്നതെങ്കിലും അച്ഛൻ എന്ന പദത്തിന്റെ അർത്ഥമോ, ബന്ധുത്വമോ, കടപ്പാടുകളോ യാതൊന്നും അമ്മ ഒരിക്കൽപ്പോലും പരാമർശിക്കപ്പെട്ടു കേട്ടിട്ടില്ല. അന്തിയുറക്കത്തിനു അമ്മയുടെ മാറോട് പറ്റിച്ചേർന്ന് കിടക്കുന്ന ഞങ്ങളെ ചേർത്ത് പിടിച്ചുകൊണ്ട് മേൽക്കൂരയുടെ ദ്രവിച്ച ഓലപ്പൊത്തിലൂടെ ഒളിഞ്ഞുനോക്കുന്ന നിലാവെളിച്ചത്തെ നോക്കി കിടന്നിരുന്ന അമ്മ അച്ഛന്റെ കാൽപ്പെരുമാറ്റത്തിനായി കാതോർത്തിട്ടുണ്ടാകാം.

ചേച്ചി എസ്.എസ്.എൽ.സി.പരീക്ഷയിൽ നല്ല മാർക്കിൽ പാസ്സായത് മുതലാണ് ഞങ്ങളുടെ സ്വപ്നങ്ങൾക്ക് ചിറക് മുളച്ച് തുടങ്ങിയത്. സ്കൂൾ കഴിഞ്ഞെത്തിയിരുന്ന ചേച്ചി ചെറിയ ക്ലാസ്സിൽ പഠിയ്ക്കുന്ന സമീപത്തെ കുട്ടികളേയും, എനിക്കും ട്യൂഷൻ എടുക്കുമായിരുന്നു. അതുവഴി ഒരു ചെറിയ തുക കിട്ടിത്തുടങ്ങുകയും ചെയ്തു.

വേദനകൾ കടിച്ചമർത്തി കവിളുകളിലൂടെ ഊർന്നിറങ്ങിയ ഉപ്പ് നീരിറക്കി വിശപ്പടക്കി പ്രീ-ഡിഗ്രിയും ഡിഗ്രിയും പാസ്സായി. തുടർന്നുള്ള ശ്രമഫലമായി സെക്രട്ടറിയേറ്റ് അസിസ്റ്റന്റ് തസ്തികയിൽ ജോലിയിൽ പ്രവേശിക്കുകയായിരുന്നു.സാമൂഹിക പ്രവർത്തകനും സ്ത്രീധ



ന വിരോധിയുമായ ഒരു വ്യക്തി ചേച്ചിയ്ക്ക് വിവാഹാലോചനയുമായി എത്തുകയുണ്ടായി. സുമനസ്സുകളുടെ സഹായത്തോടെ വിവാഹം നടത്തുകയായിരുന്നു. സമ്പന്നതയുടെ ജാഡ കളൊന്നും ഇല്ലാത്ത ബാലചന്ദ്രൻ... ബാലേട്ടന്റെ നിർബന്ധത്തിന് വഴങ്ങി വാടകവീട്ടിലെ താമസം അവസാനിപ്പിക്കുകയായിരുന്നു. അമ്മയുടെ പേരിൽ ബാലേട്ടൻ വാങ്ങി നൽകിയ വീട്ടിലേക്ക് ജീവിതം ആരംഭിച്ചിരുന്നു.

എന്റെ വിദ്യാഭ്യാസ ചെലവ് ചേട്ടനും ചേച്ചിയും ഏറ്റെടുത്തതു വഴി ഞാൻ എം.ബി.എ.ക ഴിഞ്ഞു നിൽക്കുന്നു. ചേട്ടന്റേയും ചില അഭ്യുദയകാംക്ഷികളുടെയും സഹായ സഹകരണ ത്തിലൂടെ ആണെങ്കിലും വിശന്നു വലയുന്ന നിരാലംബരായ കുറേ മനുഷ്യർക്കു വേണ്ടി അമ്മ ഇന്നും അടുക്കളയിൽ തന്നെ ജീവിക്കുന്നു. ഞങ്ങൾക്കും ഇതു പോലൊരു കാലം ഉണ്ടായിരുന്നു. ഈ ചെയ്തുകൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളിലും ഞങ്ങൾ അഭിമാനി യ്ക്കുന്നു. ഇത്തരം സംഭാഷണങ്ങൾ കേട്ടുകൊണ്ട് മറ്റൊരു വയോധികൻ ഇരിപ്പുണ്ടായിരു ന്നു. ഏകദേശം 75 വയസ്സ് പ്രായം തോന്നിയ്ക്കുന്ന കക്ഷി തലയിൽ ശേഷിക്കുന്ന മുടിയും, താടിയും നീട്ടി വളർത്തി, കരുവാളിച്ച കൺതടങ്ങളും, ഒട്ടും തിളക്കമില്ലാത്ത കണ്ണുകളും, മുഷിഞ്ഞ വേഷധാരിയായും അരികിൽ കരുതിയ വടിയുമായാണ് ഇരുന്നത്. എഴു ന്നേൽക്കാനായില്ലെങ്കിലും വിറയാർന്ന കൈകൾ ചേർത്ത് തൊഴുതുകൊണ്ട് അപേക്ഷിക്കു കയാണുണ്ടായത്.

"മോളേ... എന്നോട് ക്ഷമിക്കൂ... എല്ലാ തെറ്റുകളും ചെയ്തത് ഞാനാണ്..."

തെല്ലൊരാശ്ചര്യത്തോടെയാണ് രേവതി ആ വൃദ്ധന്റെ സംസാരം കേട്ടത്. തുടർന്ന് ചുറ്റിലും തിരിഞ്ഞു നോക്കിയെങ്കിലും മറ്റാരെയും കണ്ടില്ല. കാരണം, ഈ തെരുവോരത്ത് മാത്രം പ രിചിതനായ മനുഷ്യൻ എന്നോട് എന്തിന് ഈ വിധം പറയണം?

ഒരിയ്ക്കൽ പോലും നാം തമ്മിൽ സ്വകാര്യ സംഭാഷണങ്ങൾ നടത്തിയിട്ടില്ലല്ലോ? തുടർന്ന് ആ മനുഷ്യരൂപം ആവർത്തിച്ചു... "മോളേ നിങ്ങളെയൊക്കെ കിടപ്പാടവും നഷ്ടപ്പെടുത്തി തെരുവിൽ ഇറക്കിവിട്ട രാഘവൻനായർ ഞാനാണ് മോളേ... ക്ഷമിയ്ക്കാൻ കഴിയുമോ?" "ഒത്തിരി ദേശങ്ങൾ ചുറ്റി... ജീവിതത്തിന്റെ പച്ചയായ മുഖം ഞാൻ അറിഞ്ഞു. എങ്കിലും തിരിച്ചു നിങ്ങളുടെ ഒപ്പം എത്തിപ്പെടാൻ ആകാത്തവിധം അകന്നു പോയിരുന്നു. എന്നോട് ഈ ചെയ്തു വരുന്നത് പോലും വലിയ കാര്യമാണ്. വളരെ അധികവുമാണ്." അപ്പോ ഴേയ്ക്കും ആ പിതാവിന്റെ ഹൃദയാകാശത്തിൽ ഘനീഭവിച്ചു കിടന്നിരുന്ന കാർമേഘങ്ങൾ ആ കവിൾച്ചാലുകളിലൂടെ കണ്ണീർപ്പുഴയായി ഒഴുകിയിറങ്ങിയിരുന്നു. വിതുമ്പുന്ന ഹൃദയവു മായി തന്റെ കൺമുന്നിൽ ഇരിയ്ക്കുന്നത് സ്വന്തം അച്ഛനാണെന്ന് തിരിച്ചറിഞ്ഞ രേവതി രാഘവൻനായരുടെ സമീപമെത്തി വീട്ടിലേയ്ക്ക് ക്ഷണിക്കുക തന്നെ ചെയ്തു. അപ്പോഴും രേവതി കാക്കാത്തിയുടെ പ്രവചനം ഓർത്ത് ആ സന്തോഷാധിക്യത്താൽ പുഞ്ചിരിച്ചുകൊ ണ്ടേയിരുന്നു....

©CP&CH TVPM





ഫയാസ്
UT No. 8787

# തടവറയും പൂച്ചയും

**ചെറുകഥ**



രാത്രി 11 മണി. അതിശക്തമായി മഴ പെയ്തുകൊണ്ടിരിക്കുന്നു. പെട്ടെന്ന് അപശബ്ദം കേട്ട് ഞെട്ടിയുണർന്നു നോക്കുമ്പോൾ രണ്ട് പൂച്ചക്കുഞ്ഞുങ്ങൾ തന്റെ അരികിൽ, മൂന്നാമത് ഒന്നിനെയും കൊണ്ട് തള്ളപ്പൂച്ച വരികയാണ്. അയാളെ കണ്ടിട്ട് ഒന്നു നിന്ന ശേഷം അവൾ ധൈര്യപൂർവ്വം സെല്ലിനുള്ളിൽ കടന്ന് അയാൾക്ക് അരികിലായി പൂച്ചക്കുഞ്ഞിനെ കൊണ്ടുവെച്ചു. ഉറക്കം കെടുത്തിയ പൂച്ചയെ നോക്കി അയാൾ നെടുവീർപ്പിട്ടു. അവൾ പുറത്ത് പോയി. ഈ സമയം അയാളുടെ ചിന്തയിൽ, ഞാൻ നിന്നെ മഴയത്ത് എങ്ങിനെ ഇറക്കി വിടും, നിനക്ക് അഭയം നൽകാൻ ഞാനാര്, എനിക്ക് സ്വന്തമല്ലിത്. ഒടുവിൽ അവൾക്ക് ഇഷ്ടമുള്ളപ്പോൾ പോകാമെന്ന നിലപാടിലെത്തി അയാളുടെ മനസ്സ്. ഈ സമയം സഹതടവുകാരൻ നല്ല ഉറക്കത്തിലും. അവൾ അതാ നാലാമതും ഒരു കുഞ്ഞിനേയും കൊണ്ട് കടന്നു വരുന്നു. ഈ സമയം അയാൾ പ്രാർത്ഥിച്ചു. ദൈവമേ എന്നെ എല്ലാ പാപത്തിൽ നിന്നും അകറ്റേണമേ. ഈ സമയമാണ് അയാൾ ഓർത്തത്. അയാൾക്ക് ജയിലിൽ മരാമത്ത് പണിയായിരുന്നു. രണ്ട് മൂന്ന് പക്ഷിക്കൂടുകൾ അയാൾ തകർത്തിരുന്നു. ഇതിന്റെ പ്രായശ്ചിത്തം എന്നോണം അയാൾ പൂച്ചക്കും മക്കൾക്കും ജയിലിലെ കാന്റീനിൽ നിന്നും ഒരു കാർഡ്ബോർഡ് പെട്ടി തരപ്പെടുത്തി താമസത്തിനായി ഒരുക്കിക്കൊടുത്തു. ഇതു കണ്ട സഹതടവുകാർ അവനെ കളിയാക്കി. നിനക്ക് ഭാര്യയും കുട്ടികളും ഇല്ലെങ്കിലെന്താ, ഒരു വലിയ കുടുംബം തന്നെ കൂടെയുണ്ടല്ലോ!

©CP&CH TVPM

# ജയിൽ ക്ഷേമ ദിനാഘോഷം 2020–21
























©CP&CH TVPM



©CP&CH TVPM

# സൃഷ്ടി

കേരള ജയിൽ വകുപ്പ്, സെൻട്രൽ പ്രിസൺ & കറക്ഷണൽ ഹോം, പൂജപ്പുര ©2021

Printed & Published by the Superintendent, Central Prison & Correctional Home, Poojappura,
Thiruvananthapuram 695012 Phone :0471 2342138
Mail :cp.tvpm.prisons@kerala.gov.in